©
**കേരള സർക്കാർ**
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 12** Vol. XII | **തിരുവനന്തപുരം, ബുധൻ** Thiruvananthapuram, Wednesday | **2023 നവംബർ 15** 15th November 2023 **1199 തുലാം 29** 29th Thulam 1199 **1945 കാർത്തികം 24** 24th Karthika 1945 | **നമ്പർ** No. | **3677** |


## കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-ഐ) വകുപ്പ്

### വിജ്ഞാപനം

നമ്പർ ലെഗ്.ഐ2/6218/2020/നിയമം.

*തിരുവനന്തപുരം, 2023 നവംബർ 14*
*1199 തുലാം 28*
*1945 കാർത്തികം 23.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2023 നവംബർ 12-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സി. വിജയലക്ഷ്മി,
*സ്പെഷ്യൽ സെക്രട്ടറി (നിയമം).*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## 2023-ലെ 27-ാം ആക്റ്റ്

# 2023-ലെ കേരള കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം (നിർമ്മാണവും സംഭരണവും വിതരണവും വിൽപനയും നിയന്ത്രിക്കലും ഗുണനിലവാരം ഉറപ്പാക്കലും) ആക്റ്റ്

കേരള സംസ്ഥാനത്ത് കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ,
ധാതുലവണമിശ്രിതം എന്നിവയുടെ നിർമ്മാണം, സംഭരണം,
വിതരണം, വിൽപന എന്നിവ നിയന്ത്രിക്കുന്നതിനും
സുരക്ഷിതവും ഗുണനിലവാരമുള്ളതുമായ തീറ്റ
ഉറപ്പുവരുത്തുന്നതിനും വേണ്ടിയുള്ള

ഒരു

ആക്റ്റ്

<u>പീഠിക</u>.—കേരള സംസ്ഥാനത്ത് കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ നിർമ്മാണം, സംഭരണം, വിതരണം, വിൽപന എന്നിവ നിയന്ത്രിക്കേണ്ടത് അത്യാവശ്യമായതിനാലും, സംസ്ഥാനത്തെ കന്നുകാലികൾക്കും കോഴിവർഗ്ഗത്തിനും സുരക്ഷിതവും ഗുണമേന്മയുള്ളതുമായ തീറ്റലഭ്യത ഉറപ്പ് വരുത്തേണ്ടതിനാലും കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയിലെ മായം കലർത്തലും മിസ്ബ്രാൻഡിംഗും തടയേണ്ടതിനാലും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിനാലാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. <u>ചുരുക്കപ്പേരും പ്രാരംഭവും</u>.—(1) ഈ ആക്റ്റിന് 2023-ലെ കേരള കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം (നിർമ്മാണവും സംഭരണവും വിതരണവും വിൽപനയും നിയന്ത്രിക്കലും ഗുണനിലവാരം ഉറപ്പാക്കലും) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2021 ഫെബ്രുവരി 18-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. <u>നിർവ്വചനങ്ങൾ</u>.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(എ) “അഡിറ്റീവ്” എന്നാൽ കന്നുകാലികളുടെയും കോഴിവർഗ്ഗത്തിന്റെയും ക്ഷമതവർദ്ധനവിനായി അടിസ്ഥാന തീറ്റമിശ്രിതത്തിലോ അതിന്റെ ഘടകങ്ങളിലോ ചേർക്കുന്ന ഒരു പോഷക അല്ലെങ്കിൽ പോഷകേതര ഇനമോ അല്ലെങ്കിൽ ഇനങ്ങളുടെ മിശ്രിതമോ എന്നർത്ഥമാകുന്നു;

(ബി) കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, കോമ്പൗണ്ട് ഫീഡ്, ധാതുലവണ മിശ്രിതം എന്നിവയുമായി ബന്ധപ്പെട്ട് “മായം” ചേർക്കൽ എന്നാൽ ഏതെങ്കിലും കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം എന്നിവ,—

(i) അതിന്റെ സ്വഭാവം, പദാർത്ഥം അല്ലെങ്കിൽ റെഗുലേഷൻ പ്രകാരം നിശ്ചയിച്ച ഗുണനിലവാരമാനദണ്ഡങ്ങൾ എന്നിവ ലേബലിംഗ് സംബന്ധിച്ച പ്രഖ്യാപനവുമായി പൊരുത്തപ്പെടുന്നില്ല; അല്ലെങ്കിൽ

(ii) കന്നുകാലികളുടെയോ കോഴിവർഗ്ഗത്തിന്റെയോ ഉപഭോഗത്തിന് സുരക്ഷിതമല്ലാത്തതോ ഗുണനിലവാരമില്ലാത്തതോ ആക്കുന്ന ബാഹ്യവസ്തുക്കൾ അവയിൽ അടങ്ങിയിരിക്കുന്നു; അല്ലെങ്കിൽ

(iii) കന്നുകാലികൾക്കോ കോഴിവർഗ്ഗത്തിനോ ദോഷകരമാകുന്നവിധത്തിൽ രോഗകാരികളായ സൂക്ഷ്മാണുക്കൾ, കീടങ്ങൾ അല്ലെങ്കിൽ മൂഷികവർഗ്ഗത്തിൽപ്പെട്ട ജീവികൾ എന്നിവയാൽ ബാധിക്കപ്പെട്ടിരിക്കുകയോ അവയാൽ നശിപ്പിക്കപ്പെടുകയോ കേടുവരുത്തപ്പെടുകയോ ചെയ്യപ്പെട്ടിരിക്കുന്നു,

എന്നർത്ഥമാകുന്നു;

(സി) “അംഗീകൃത ഏജന്റ്” എന്നാൽ കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ സംഭരണം, വിതരണം, വിൽപനയ്ക്കായുള്ള പരിവഹനം, വിൽപന എന്നിവ, അവയുടെ നിർമ്മാതാക്കളുമായുള്ള സമ്മതപത്രത്തിന്റെയോ കരാറിന്റെയോ അടിസ്ഥാനത്തിൽ നടത്തുന്ന നിയമാനുസൃത ലൈസൻസുള്ള ഏതൊരാളും എന്നർത്ഥമാകുന്നു;

(ഡി) “അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ” എന്നാൽ ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി സർക്കാരിനാൽ അധികാരപ്പെടുത്തപ്പെട്ട ഒരു ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ഇ) “കോമ്പൗണ്ട് ഫീഡ്” എന്നാൽ കന്നുകാലികൾക്കും കോഴിവർഗ്ഗത്തിനും അവയുടെ പ്രായം, വളർച്ച, ഉൽപാദനം, പ്രത്യുൽപാദനസ്ഥിതി എന്നിവയ്ക്കനുസരണമായി ആഹാരമായി നൽകുന്നതിനുവേണ്ടി, റെഗുലേഷൻ പ്രകാരം നിശ്ചയിച്ച മാനദണ്ഡങ്ങളനുസരിച്ച് തയ്യാറാക്കിയിട്ടുള്ള തീറ്റ എന്നർത്ഥമാകുന്നു;

(എഫ്) “സാന്ദ്രീകൃതാഹാരം” എന്നാൽ പതിനെട്ട് ശതമാനത്തിൽ താഴെ അസംസ്കൃതനാരംശം അടങ്ങിയിട്ടുള്ള ഉയർന്ന പോഷകസാന്ദ്രതയുള്ള തീറ്റ എന്നർത്ഥമാകുന്നു;

(ജി) “മലിനീകരണവസ്തു” എന്നാൽ തീറ്റയിൽ ചേർത്തതോ അല്ലാത്തതോ ആയതും, എന്നാൽ ഉൽപാദനം (വിള സംരക്ഷണത്തിനുവേണ്ടി നടത്തുന്ന പ്രക്രിയകൾ ഉൾപ്പെടെ), നിർമ്മാണം, സംസ്കരണം, പാക്കിംഗ്, ഗതാഗതം, സംഭരണം എന്നിവയുടെ ഫലമായി ബാഹ്യപരിസ്ഥിതിയുടെ സ്വാധീനത്താൽ തീറ്റയിൽ കാണപ്പെടുന്നതുമായ ഏതൊരു വസ്തുവും എന്നർത്ഥമാകുന്നു;

(എച്ച്) “ഡീലർ” എന്നാൽ കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ അല്ലെങ്കിൽ ധാതുലവണമിശ്രിതം എന്നിവ റെഗുലേഷൻ പ്രകാരം നിശ്ചയിച്ച ഏറ്റവും കുറഞ്ഞ അളവിന് വിധേയമായി, വിൽപനയോ വിതരണമോ അല്ലെങ്കിൽ വിൽപനയും വിതരണവും ചെയ്യുന്നതിൽ ഏർപ്പെട്ടിരിക്കുന്ന ഒരു ആൾ, ആളുകളുടെ ഒരു അസോസിയേഷൻ, ഒരു സംഘം, ഒരു ഫേം അല്ലെങ്കിൽ ഒരു ഏജൻസി എന്നർത്ഥമാകുന്നതും, അതിൽ മുകളിൽ പറഞ്ഞിരിക്കുന്ന വ്യാപാരം നടത്തുവാൻ ഉത്തരവാദിത്തപ്പെട്ട ഡയറക്ടറും പ്രൊപ്രൈറ്ററും മാനേജരും, ഏതു പേരിൽ വിളിക്കപ്പെട്ടാലും, ഉൾപ്പെടുന്നതുമാകുന്നു;

(ഐ) “തീറ്റ” എന്നാൽ കന്നുകാലികളുടെയോ കോഴിവർഗ്ഗത്തിന്റെയോ ആഹാരക്രമത്തിൽ പോഷകങ്ങൾ നൽകുന്നതും സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ പദാർത്ഥം എന്നർത്ഥമാകുന്നു;

(ജെ) “തീറ്റയുടെ ചേരുവകൾ” എന്നാൽ കന്നുകാലികളുടെയും കോഴിവർഗ്ഗങ്ങളുടെയും ആഹാരത്തിൽ ഉൾപ്പെടുത്തുന്നതോ കന്നുകാലികൾക്കും കോഴിവർഗ്ഗങ്ങൾക്കും നേരിട്ട് ഭക്ഷണമായി നൽകുന്നതോ ആയ റെഗുലേഷൻ പ്രകാരം നിശ്ചയിച്ച പോഷക സമൃദ്ധമായ പദാർത്ഥം എന്നർത്ഥമാകുന്നു;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(കെ) "ഫീഡ് മിൽ" എന്നാൽ കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ അല്ലെങ്കിൽ ധാതുലവണമിശ്രിതം എന്നിവ നിർമ്മിക്കുന്നതിനുള്ള സ്വയം പ്രവർത്തിക്കുന്നതോ അല്ലെങ്കിൽ ഭാഗികമായി സ്വയംപ്രവർത്തിക്കുന്നതോ ആയ പ്ലാന്റ് എന്നർത്ഥമാകുന്നു;

(എൽ) "ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർ" എന്നാൽ ഈ ആക്റ്റിലെ 10-ാം വകുപ്പിന്റെ (iii)-ാം ഇനം പ്രകാരം സർക്കാർ നിയോഗിച്ച ഒരു ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(എം) "ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർ" എന്നാൽ ഈ ആക്റ്റിലെ 10-ാം വകുപ്പിന്റെ (ii)-ാം ഇനം പ്രകാരം സർക്കാർ നിയോഗിച്ച ഒരു ജില്ലാതല ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(എൻ) "തീറ്റവസ്തു" എന്നാൽ കന്നുകാലികളെയും കോഴിവർഗ്ഗത്തിനെയും പരിപോഷിപ്പിക്കുന്നതിന് വേണ്ടിയുള്ള പ്രകൃതിദത്തമായ ഏതെങ്കിലും തീറ്റഘടകമോ ഏതൊരു പദാർത്ഥമോ എന്നർത്ഥമാകുന്നതും, അവയുടെ ഉപയോഗമോ സ്വഭാവമോ ഗുണനിലവാരമോ കണക്കിലെടുത്ത്, ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം വഴി, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി, പ്രഖ്യാപിക്കുന്ന തീറ്റവസ്തു, കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയിൽ ഉൾപ്പെടുന്നതുമാണ്;

(ഒ) "തീറ്റ പരിശോധന" എന്നാൽ തീറ്റയിലെ ചേരുവകളുടെ പോഷകമൂല്യത്തിന്റെ വിശകലനം വഴി ഗുണനിലവാരം പരിശോധിക്കുന്നത് എന്നർത്ഥമാകുന്നു;

(പി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ക്യു) "ലൈസൻസിംഗ് അതോറിറ്റി" എന്നാൽ ഈ ആക്റ്റിലെ 10-ാം വകുപ്പിന്റെ (i)-ാം ഇനം പ്രകാരം സർക്കാർ നിയോഗിച്ച ഒരു ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു;

(ആർ) "കന്നുകാലി" എന്നാൽ അധ്വാനത്തിനുവേണ്ടിയോ പാൽ, മാംസം, രോമങ്ങൾ, തുകൽ അല്ലെങ്കിൽ കമ്പിളി തുടങ്ങിയവ ഉൽപാദിപ്പിക്കുന്നതിന് വേണ്ടിയോ ഒരു കാർഷിക പശ്ചാത്തലത്തിൽ വളർത്തുന്ന എല്ലാ മൃഗങ്ങളും എന്നർത്ഥമാകുന്നു;

(എസ്) "നിർമ്മാതാവ്" എന്നാൽ കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയിൽ ഏതെങ്കിലുമോ അല്ലെങ്കിൽ എല്ലാമോ, ഒരാൾ തന്റെ ഉടമസ്ഥതയിലുള്ളതോ അല്ലെങ്കിൽ അയാളുടെ അല്ലെങ്കിൽ അവരുടെ കൂട്ടായ ഉടമസ്ഥതയിലുള്ള ഫീഡ് മില്ലിലോ അല്ലെങ്കിൽ അയാളുടെ അല്ലെങ്കിൽ അവരുടെ

ഉടമസ്ഥതയിലല്ലാത്ത ഒരു ഫീഡ് മില്ലിലോ നിർമ്മിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും ആൾ അല്ലെങ്കിൽ ആളുകൾ, കമ്പനികൾ, ഇൻസ്റ്റിറ്റ്യൂഷനുകൾ, സംഘങ്ങൾ, സ്ഥാപനങ്ങൾ എന്നർത്ഥമാകുന്നു;

(റ്റി) "ധാതുലവണമിശ്രിതം" എന്നാൽ കന്നുകാലികൾക്കും കോഴിവർഗ്ഗത്തിനും അനുപൂരകതീറ്റയായി ഉപയോഗിക്കാവുന്നതും മായമോ ദുർഗന്ധമോ ഇല്ലാത്ത പ്രധാനമോ കുറഞ്ഞ അളവിൽ മാത്രം ആവശ്യമായതോ ആയ ധാതുലവണ മൂലകങ്ങളുടെ ഏതു രൂപത്തിലുമുള്ള മിശ്രിതം എന്നർത്ഥമാകുന്നു;

(യു) "മിസ് ബ്രാൻഡഡ്" എന്നാൽ ഒരു ഉൽപന്നം വിൽക്കുന്ന ലേബൽ, ബ്രാൻഡ്, ടാഗ്, അറിയിപ്പ് അല്ലെങ്കിൽ പരസ്യം എന്നിവയിൽ ഏതെങ്കിലും തരത്തിൽ വരുന്ന തെറ്റോ ഇവയിൽ ഉൽപന്നത്തെക്കുറിച്ചു നൽകുന്ന തെറ്റായ പ്രസ്താവനയോ, ഉൽപന്നത്തിന്റെ തരം, ഗ്രേഡ്, ഗുണനിലവാരം അല്ലെങ്കിൽ ഘടന എന്നിവയെക്കുറിച്ച് തെറ്റിദ്ധരിപ്പിക്കുന്നതോ, ഒരു നിർമ്മാതാവിന്റെ ഉൽപന്നമായിരിക്കെ അത് മറ്റൊരു നിർമ്മാതാവിന്റെ ഉൽപന്നമായി വിൽക്കുന്നതോ എന്നർത്ഥമാകുന്നു;

(വി) "പിണ്ണാക്ക് (ഓയിൽ കേക്ക്)" എന്നാൽ എണ്ണക്കുരുക്കളിൽ നിന്ന് എണ്ണകൾ, കൊഴുപ്പുകൾ അല്ലെങ്കിൽ മറ്റുദ്രാവകങ്ങൾ നീക്കം ചെയ്തതിനുശേഷം ലഭ്യമാകുന്ന പദാർത്ഥം എന്നർത്ഥമാകുന്നു;

(ഡബ്ല്യു) "ഓയിൽ മീൽ" എന്നാൽ എണ്ണക്കുരുക്കളിൽ നിന്ന് എണ്ണയും കൊഴുപ്പും വേർതിരിച്ചെടുക്കുന്നതിനുവേണ്ടി യന്ത്രസമ്മർദ്ദം പ്രയോഗിക്കുന്നതിലൂടെ അവശേഷിക്കുന്ന പദാർത്ഥം എന്നർത്ഥമാകുന്നു;

(എക്സ്) "കോഴിവർഗ്ഗം" എന്നാൽ കോഴി, എമു, ഗിനിക്കോഴി, കാട, താറാവ്, ടർക്കി, വാത്ത എന്നിവ ഉൾപ്പെടെയുള്ളവ എന്നർത്ഥമാകുന്നു;

(വൈ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഇസഡ്) "റെഗുലേഷനുകൾ" എന്നാൽ ഈ ആക്റ്റിന്റെ 38-ാം വകുപ്പ് പ്രകാരം പുറപ്പെടുവിക്കുന്ന റെഗുലേഷനുകൾ എന്നർത്ഥമാകുന്നു;

(എഎ) "നാരാഹാരം" എന്നാൽ പതിനെട്ട് ശതമാനത്തിൽ കൂടുതൽ നാരംശം അടങ്ങിയിട്ടുള്ള തീറ്റവസ്തു എന്നർത്ഥമാകുന്നു;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(എബി) "വിൽപന" എന്നാൽ കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ അല്ലെങ്കിൽ ധാതുലവണമിശ്രിതം എന്നിവയുമായി ബന്ധപ്പെട്ട് പണമടച്ചതിനോ ഭാഗികമായി പണം അടച്ചതിനോ വാഗ്ദാനം ചെയ്തതിനോ ഭാഗികമായി വാഗ്ദാനം ചെയ്തതിനോ പകരമായുള്ള, വാക്കാലുള്ളതോ അല്ലെങ്കിൽ രേഖാമൂലമുള്ളതോ ആയ ഉടമസ്ഥാവകാശക്കൈമാറ്റം എന്നർത്ഥമാകുന്നു;

(എസി) "സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റി" എന്നാൽ ഈ ആക്റ്റിലെ 26-ാം വകുപ്പ് പ്രകാരം രൂപവത്ക്കരിച്ച കമ്മിറ്റി എന്നർത്ഥമാകുന്നു;

(എഡി) "നിലവാരമില്ലാത്തത്" എന്നാൽ റെഗുലേഷൻ പ്രകാരം നിശ്ചയിച്ച നിലവാരമില്ലാത്തത് എന്നർത്ഥമാകുന്നു;

(എഇ) "ടോട്ടൽ മിക്സഡ് റേഷൻ (ടി.എം.ആർ.) അഥവാ സമ്പൂർണ്ണ സമ്മിശ്രതീറ്റ" എന്നാൽ സാന്ദ്രീകൃത തീറ്റയും പരുഷാഹാര വസ്തുക്കളും സമീകൃത അളവിൽ കണക്കാക്കി യന്ത്രസഹായത്താലോ അല്ലാതെയോ കൂട്ടിച്ചേർത്തു നിർമ്മിക്കുന്ന തീറ്റ എന്നർത്ഥമാകുന്നു;

(എഎഫ്) "അൺഫെയർ ട്രേഡ് പ്രാക്ടീസ്" എന്നതിന് 2019-ലെ കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്റ്റിന്റെ (2019-ലെ 35-ാം നമ്പർ കേന്ദ്ര ആക്റ്റ്) 2-ാം വകുപ്പിന്റെ (47)-ാം ഉപവകുപ്പിൽ അതിന് നൽകിയിരിക്കുന്ന അതേ അർത്ഥം തന്നെയായിരിക്കുന്നതാണ്.

3. <u>കന്നുകാലിത്തീറ്റ/കോഴിവർഗ്ഗത്തീറ്റയിൽ ഉപയോഗിക്കേണ്ട/നിരോധിക്കപ്പെടേണ്ട തീറ്റവസ്തുക്കൾ അല്ലെങ്കിൽ തീറ്റയുടെ ചേരുവകൾ</u>.—(1) കന്നുകാലികൾക്കും കോഴിവർഗ്ഗത്തിനും വേണ്ടിയുള്ള കോമ്പൗണ്ട് ഫീഡിന്റെ നിർമ്മാണത്തിനായി ഉപയോഗിക്കേണ്ട തീറ്റയുടെ ചേരുവകളിൽ താഴെപ്പറയുന്നവ ഉൾപ്പെടുത്താവുന്നതാണ്, അതായത്:—

(i) നാരാഹാരം:

പച്ചപ്പുല്ല്, സൈലേജ്, വൈക്കോൽ, ഉണക്കി സൂക്ഷിച്ച പച്ചപ്പുല്ല്, സംപുഷ്ടീകരിച്ചതോ അല്ലാത്തതോ ആയ വൈക്കോൽ, വിളാവശിഷ്ടങ്ങൾ എന്നിവയുൾപ്പെടുന്ന ഉണങ്ങിയതോ പച്ചയോ ആയ സസ്യോൽപന്നങ്ങൾ;

(ii) സാന്ദ്രീകൃതാഹാരങ്ങളും കോഴിവർഗ്ഗത്തീറ്റ ചേരുവകളും:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(എ) പ്രധാന ചേരുവകൾ,—

(i) റെഗുലേഷൻ പ്രകാരം നിശ്ചയിച്ച ധാന്യങ്ങൾ, ചെറുധാന്യങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ;

(ii) കന്നുകാലികളുടെയും കോഴിവർഗ്ഗത്തിന്റെയും ഉപഭോഗത്തിന് റെഗുലേഷൻ പ്രകാരം നിശ്ചയിച്ച സുരക്ഷിതമായ പിണ്ണാക്കുകൾ, ഓയിൽ മീൽ, പയറുവർഗ്ഗങ്ങൾ പോലുള്ള സസ്യജന്യ-മാംസ്യസ്രോതസ്സുകൾ, മാംസ്യ സംപുഷ്ടമായ കാർഷിക-വ്യാവസായിക ഉപോൽപ്പന്നങ്ങൾ;

(iii) അയവെട്ടുന്ന മൃഗങ്ങളുടെ തീറ്റയിൽ ഒഴികെ, റെഗുലേഷൻ പ്രകാരം നിശ്ചയിച്ച ജന്തുജന്യ മാംസ്യസ്രോതസ്സുകൾ;

(iv) കന്നുകാലികൾക്കും കോഴിവർഗ്ഗത്തിനും ഹാനികരമല്ലാത്ത, റെഗുലേഷൻ പ്രകാരം നിശ്ചയിച്ച, വ്യാവസായികവും കാർഷികവുമായ ഉൽപ്പന്നങ്ങൾ അല്ലെങ്കിൽ ഉപോൽപ്പന്നങ്ങൾ.

(ബി) സൂക്ഷ്മപോഷകങ്ങൾ അല്ലെങ്കിൽ പൂരക പദാർത്ഥങ്ങൾ, അഡിറ്റീവുകൾ.

(2) കന്നുകാലികൾക്കുള്ള കോമ്പൗണ്ട് ഫീഡ് നിർമ്മിക്കുന്നതിൽ നെല്ലിന്റെ ഉമി, ആവണക്കിന്റെ ഉമിയോ പിശടോ, കടലാവണക്ക് കേക്കോ പിശടോ, അറക്കപ്പൊടി, അനുവദനീയമല്ലാത്ത ജന്തുജന്യ ചേരുവകൾ എന്നിവ ഉപയോഗിക്കുന്നത് നിരോധിച്ചിരിക്കുന്നു.

(3) പ്രായം കുറഞ്ഞ അയവെട്ടുന്ന മൃഗങ്ങൾക്ക് വേണ്ടിയുള്ള തീറ്റ നിർമ്മിക്കുന്നതിൽ യൂറിയ അല്ലെങ്കിൽ അമോണിയം ലവണങ്ങൾ വർദ്ധിപ്പിക്കുന്ന നോൺ-പ്രോട്ടീൻ നൈട്രജൻ കോമ്പൗണ്ട്സ് (അമിനോ ആസിഡുകൾ ഒഴികെ) നിരോധിച്ചിരിക്കുന്നു. എന്നാൽ മുതിർന്ന അയവെട്ടുന്ന മൃഗങ്ങൾക്കു നൽകുന്ന തീറ്റയിൽ ഒരു ശതമാനത്തിൽ അധികരിക്കാത്തവിധം യൂറിയ ചേർക്കാവുന്നതാണ് .

(4) (1)-ഉം (2)-ഉം (3)-ഉം ഉപവകുപ്പുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളവയല്ലാതെ കന്നുകാലികൾക്കും കോഴിവർഗ്ഗത്തിനും വേണ്ടിയുള്ള കോമ്പൗണ്ട് ഫീഡിന്റെ നിർമ്മാണത്തിൽ ഉപയോഗിക്കേണ്ടതും ഉപയോഗിക്കുവാൻ പാടില്ലാത്തതുമായ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ചേരുവകൾ സർക്കാരിന്, കാലാകാലങ്ങളിൽ, ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം വഴി, പ്രഖ്യാപിക്കാവുന്നതാണ്.

4. ധാതുലവണമിശ്രിതത്തിന്റെ നിർമ്മാണത്തിൽ ഉപയോഗിക്കേണ്ടതും ഉപയോഗിക്കാൻ പാടില്ലാത്തതുമായ ചേരുവകൾ.—(1) ധാതുലവണമിശ്രിതം നിർമ്മിക്കുന്നതിനുള്ള ലവണ രൂപത്തിലുള്ള ചേരുവകൾ റെഗുലേഷൻ പ്രകാരം നിശ്ചയിച്ച ഗുണനിലവാരമുള്ളതായിരിക്കേണ്ടതാണ്.

(2) കന്നുകാലികൾക്കുള്ള ധാതുലവണമിശ്രിതത്തിൽ നിരോധിക്കപ്പെട്ട ജന്തുജന്യഘടകങ്ങളും മാർബിൾ പൊടി, ഡോളോമൈറ്റ് പൊടി, ഫെറിക് ഓക്സൈഡ്, കുപ്രിക് ഓക്സൈഡ്, മാംഗനീസ് ഡൈ ഓക്സൈഡ്, സംസ്കരിച്ചിട്ടില്ലാത്ത റോക്ക് ഫോസ്ഫേറ്റ് പോലെയുള്ള മറ്റ് ചേരുവകളും അടങ്ങിയിരിക്കുവാൻ പാടില്ലാത്തതാകുന്നു.

(3) (1)-ഉം (2)-ഉം ഉപവകുപ്പുകളിൽ പറഞ്ഞിട്ടുള്ളവയല്ലാതെ, കന്നുകാലികൾക്കും കോഴിവർഗ്ഗത്തിനും വേണ്ടിയുള്ള ധാതുലവണമിശ്രിതം നിർമ്മിക്കുമ്പോൾ ഉപയോഗിക്കേണ്ടതോ ഉപയോഗിക്കുവാൻ പാടില്ലാത്തതോ ആയ ചേരുവകൾ സർക്കാരിന്, ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം വഴി, പ്രഖ്യാപിക്കാവുന്നതാണ്.

5. നിർമ്മാണം, സംഭരണം, വിതരണം, വിൽപന എന്നിവയ്ക്കുള്ള ലൈസൻസ്.—(1) നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള നിബന്ധനകൾ പാലിച്ചും അപ്രകാരമുള്ള ഫീസ് അടച്ചും അപ്രകാരമുള്ള ഫാറത്തിൽ അപേക്ഷ നൽകിയും ഈ ആക്റ്റിൻ കീഴിൽ നേടുന്ന, സാധുതയുള്ള ഒരു ലൈസൻസ് കൈവശമില്ലാത്ത യാതൊരാളും കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം എന്നിവ നിർമ്മിക്കുവാനോ സംഭരിക്കുവാനോ വിതരണം ചെയ്യുവാനോ വിൽപന നടത്തുവാനോ പാടില്ലാത്തതാകുന്നു:

എന്നാൽ ഒന്നോ അതിലധികമോ തീറ്റയിനങ്ങൾക്ക് ഒരു ലൈസൻസും പ്രത്യേകം ഫീഡ് മില്ലുകൾക്ക് പ്രത്യേകം ലൈസൻസുകളും നേടേണ്ടതാണ്.

വിശദീകരണം:—സംസ്ഥാനത്തിന് പുറത്ത് ഉൽപാദിപ്പിക്കുന്നതോ നിർമ്മിക്കുന്നതോ ആയ കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ സംസ്ഥാനത്തിനകത്തെ സംഭരണമോ വിതരണമോ വിൽപനയോ നടത്തുന്ന ഏതൊരാളും (1)-ാം ഉപവകുപ്പുപ്രകാരമുള്ള ലൈസൻസ് നേടേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ ലൈസൻസിനായുള്ള ഒരു അപേക്ഷ ലഭിക്കുമ്പോൾ ലൈസൻസിംഗ് അതോറിറ്റിക്ക് ലൈസൻസ് അനുവദിക്കുകയോ, അപേക്ഷകന് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകിയ ശേഷം കാരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് അപേക്ഷ നിരസിക്കുകയോ ചെയ്യാവുന്നതാണ്. അപേക്ഷ നിരസിക്കുന്ന സംഗതിയിൽ നിരസിക്കൽ സംബന്ധിച്ച അറിയിപ്പിന്റെ ഒരു പകർപ്പ് അപേക്ഷ നിരസിച്ച തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം അപേക്ഷകന് ലഭ്യമാക്കേണ്ടതുമാണ്. ലൈസൻസിനുള്ള അപേക്ഷയിന്മേൽ അപേക്ഷ ലഭിച്ച തീയതി മുതൽ രണ്ട് മാസത്തിനുള്ളിൽ ലൈസൻസിംഗ് അതോറിറ്റി തീരുമാനം കൈക്കൊള്ളേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം നൽകുന്ന ലൈസൻസ് നിർണ്ണയിക്കപ്പെടുന്ന ഫാറത്തിലും അപ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയവും ആയിരിക്കേണ്ടതാണ്.

(4) ലൈസൻസിനായുള്ള അപേക്ഷ നിരസിച്ചത് സംബന്ധിച്ച അറിയിപ്പ് ലഭിച്ചാൽ പതിനഞ്ച് ദിവസത്തിനകം അപേക്ഷകന് സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റി മുമ്പാകെ അപ്പീൽ നൽകാവുന്നതും ആയത് മുപ്പത് ദിവസത്തിനകം തീർപ്പാക്കേണ്ടതുമാണ്.

(5) നിർമ്മാതാവ് അല്ലെങ്കിൽ അംഗീകൃത ഏജന്റ് അല്ലെങ്കിൽ ഡീലർ എന്നിവർ തീറ്റസുരക്ഷ സംബന്ധിച്ച് നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള പൊതുതത്ത്വങ്ങൾ പാലിക്കേണ്ടതാണ്.

(6) തീറ്റയുടെ പരസ്യപ്രചാരണത്തിന്മേലുള്ള നിയന്ത്രണങ്ങളും അൺഫെയർ ട്രേഡ് പ്രാക്ടീസിന്മേലുള്ള നിരോധനവും റെഗുലേഷൻ പ്രകാരം നിശ്ചയിച്ചിരിക്കേണ്ടതുമാണ്.

(7) നിർമ്മാതാക്കൾ, അംഗീകൃത ഏജന്റുമാർ, ഡീലർമാർ എന്നിവരുടെ ഉത്തരവാദിത്വങ്ങളും ചുമതലകളും ബാധ്യതകളും വിപണിയിൽ നിന്നും തീറ്റ തിരിച്ചു വിളിക്കുന്ന നടപടിക്രമങ്ങളും നിർണ്ണയിക്കപ്പെട്ട പ്രകാരമായിരിക്കേണ്ടതാണ്.

6. <u>ലൈസൻസ് പുതുക്കൽ</u>.—ഈ ആക്റ്റിലെ 5-ാം വകുപ്പ് പ്രകാരം നൽകിയിട്ടുള്ള ലൈസൻസ് അഞ്ച് വർഷക്കാലത്തേക്ക് സാധുതയുള്ളതും നിർണ്ണയിക്കപ്പെട്ട ഫീസ് അടച്ച് അപേക്ഷിക്കുന്നതിന്മേൽ പുതുക്കാവുന്നതുമാണ്. ലൈസൻസിംഗ് അതോറിറ്റി ലൈസൻസ് സസ്പെൻഡ് ചെയ്യുകയോ റദ്ദാക്കുകയോ ചെയ്തിട്ടില്ലായെങ്കിൽ, ലൈസൻസിന്റെ കാലാവധി അവസാനിക്കുന്നതിന് അറുപത് ദിവസങ്ങൾക്ക് മുൻപ്,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നിർണ്ണയിക്കപ്പെട്ട രീതിയിൽ പുതുക്കുന്നതിനായുള്ള അപേക്ഷ നൽകേണ്ടതും ലൈസൻസ് അനുവദിച്ചുകൊണ്ടോ നിരസിച്ചുകൊണ്ടോ തീരുമാനം കൈക്കൊള്ളേണ്ടതുമാണ്.

7. <u>പാക്കിംഗും ലേബലിംഗും</u>.—പച്ചപ്പുല്ലും ഉണക്കപ്പുല്ലും അല്ലാതെയുള്ള ഏതൊരു കന്നുകാലിത്തീറ്റയും കോഴിവർഗ്ഗത്തീറ്റയും ധാതുലവണമിശ്രിതവും, റെഗുലേഷൻ പ്രകാരം നിശ്ചയിച്ച രീതിയിൽ പാക്ക് ചെയ്തും ബ്രാൻഡ് ചെയ്തും ലേബൽ ചെയ്തുമല്ലാതെ വിൽക്കുവാനോ വിതരണം ചെയ്യുവാനോ പാടില്ലാത്തതാകുന്നു .

8. <u>ഗുണനിലവാര നിയന്ത്രണം</u>.—(1) എല്ലാ കന്നുകാലിത്തീറ്റയും കോഴിവർഗ്ഗത്തീറ്റയും ധാതുലവണമിശ്രിതവും റെഗുലേഷൻ പ്രകാരം നിശ്ചയിച്ച നിലവാരങ്ങൾക്കും സവിശേഷതകൾക്കും അനുസൃതമായിട്ടുള്ളതായിരിക്കേണ്ടതാണ്.

(2) കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ നിർമ്മാതാവ് അത്തരം തീറ്റയുടെ അല്ലെങ്കിൽ ധാതുലവണമിശ്രിതത്തിന്റെ ബാഗ് അല്ലെങ്കിൽ പാക്കിംഗിന്റെ ലേബലിൽ റെഗുലേഷൻ പ്രകാരം നിശ്ചയിച്ച വിശദാംശങ്ങൾ വ്യക്തമായി വായിക്കാവുന്ന രീതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

9. <u>നിലവാരമില്ലാത്തതോ മായം ചേർത്തതോ മിസ്ബ്രാന്റഡ് ആയതോ ആയ തീറ്റയും ധാതുലവണമിശ്രിതവും നിർമ്മിക്കുന്നതിനും സംഭരിക്കുന്നതിനും വിൽപ്പന നടത്തുന്നതിനുമുള്ള നിരോധനം</u>.—യാതൊരാളും ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥയ്ക്കോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കോ റെഗുലേഷനുകൾക്കോ വിരുദ്ധമായി, നിലവാരമില്ലാത്തതോ മായം ചേർത്തതോ മിസ്ബ്രാന്റഡോ ആയ ഏതെങ്കിലും കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം എന്നിവ നേരിട്ടോ പരോക്ഷമായോ, തയ്യാറാക്കുവാനോ നിർമ്മിക്കുവാനോ ഉപയോഗത്തിനോ വിൽപനയ്ക്കോ വേണ്ടി സൂക്ഷിക്കുവാനോ സംഭരിക്കുവാനോ വിൽക്കുവാനോ വിൽപനയ്ക്കായി വാഗ്ദാനം ചെയ്യുവാനോ പാടില്ലാത്തതാകുന്നു.

10. <u>വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള അധികാരികൾ</u>.—ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി സർക്കാർ, താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ നിയോഗിക്കേണ്ടതാണ്, അതായത് :—

(i) ലൈസൻസിംഗ് അതോറിറ്റി.—(എ) കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ നിർമ്മാണത്തിനും വിൽപനയ്ക്കും വേണ്ടിയുള്ള

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ലൈസൻസിംഗ് അതോറിറ്റി ആയി മൃഗസംരക്ഷണ വകുപ്പിലെ അഡീഷണൽ ഡയറക്ടറുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥരെയോ ക്ഷീരവികസന വകുപ്പിലെ ജോയിന്റ് ഡയറക്ടറുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥരെയോ, സർക്കാർ, ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം വഴി, നിയോഗിക്കേണ്ടതാണ്;

(ബി) ലൈസൻസിംഗ് അതോറിറ്റി, ഗസറ്റ് വിജ്ഞാപനപ്രകാരം, നിശ്ചയിക്കപ്പെട്ട പ്രദേശത്ത്, അധികാരങ്ങൾ വിനിയോഗിക്കുകയും നിർണ്ണയിക്കപ്പെട്ട ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്.

(ii) ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർ.—(എ) ഈ ആക്റ്റിലും അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതിന്റെയും ചുമതലകൾ നിർവ്വഹിക്കേണ്ടതിന്റെയും ആവശ്യത്തിലേക്കായി, മൃഗസംരക്ഷണ വകുപ്പിലെയോ അല്ലെങ്കിൽ ക്ഷീരവികസന വകുപ്പിലെയോ ഡെപ്യൂട്ടി ഡയറക്ടറുടെ പദവിയിൽ കുറയാത്ത ജില്ലാതല ഉദ്യോഗസ്ഥരെ ഓരോ ജില്ലയിലും ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർ ആയി സർക്കാർ, ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം വഴി, നിയോഗിക്കേണ്ടതാണ്;

(ബി) ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസറോ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനോ, അയാളുടെ അധികാരപരിധിക്കുള്ളിൽ, ഈ ആക്റ്റിൻ കീഴിൽ, ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർക്കുള്ള നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള, അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്.

(iii) ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർ.—(എ) ഈ ആക്റ്റിലും അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതിന്റെയും ചുമതലകൾ നിർവ്വഹിക്കേണ്ടതിന്റെയും ആവശ്യത്തിലേക്കായി, മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി സർജന്റെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥരെ അല്ലെങ്കിൽ ക്ഷീരവികസന വകുപ്പിലെ ഡയറി എക്സ്റ്റൻഷൻ ഓഫീസറുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥരെ, അയാൾക്ക് ഏൽപിച്ചു നൽകുന്ന തദ്ദേശീയപ്രദേശങ്ങളിൽ, ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസറായി സർക്കാർ, ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം വഴി, നിയോഗിക്കേണ്ടതാണ്;

(ബി) ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസറോ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനോ, അയാളുടെ അധികാര പരിധിക്കുള്ളിൽ, ഈ ആക്റ്റിൻ കീഴിൽ, ഫീഡ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സേഫ്റ്റി അഷ്വറൻസ് ഓഫീസർക്കുള്ള നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള, അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്;

(സി) ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർ, ലൈസൻസിംഗ് അതോറിറ്റിയുടെയും ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർ, ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസറുടെയും ഭരണനിയന്ത്രണത്തിലായിരിക്കും;

(ഡി) ഏതെങ്കിലും ന്യായമായ കാരണത്താൽ, ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർക്ക് അയാളുടെ അധികാരങ്ങൾ വിനിയോഗിക്കുവാനോ ചുമതലകൾ നിർവ്വഹിക്കുവാനോ കഴിയാതെവന്നാൽ, ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർ, ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർക്ക് നൽകപ്പെട്ടിട്ടുള്ള അതേ അധികാരങ്ങൾ വിനിയോഗിക്കേണ്ടതും ഈ ആക്റ്റിൽ വിനിർദ്ദേശിച്ചിട്ടുള്ള അതേ നടപടിക്രമങ്ങൾ പാലിക്കേണ്ടതുമാണ്.

11. <u>ലൈസൻസിംഗ് അതോറിറ്റിയുടെ അധികാരങ്ങൾ</u>.—(1) നിർണ്ണയിക്കപ്പെട്ട പ്രകാരം ആവശ്യമായ രേഖകളോടും ഫീസോടും ഫാറത്തിലും ഒരു അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ലൈസൻസിംഗ് അതോറിറ്റിക്ക് നിർണ്ണയിക്കപ്പെട്ട രീതിയിൽ, അഞ്ച് വർഷക്കാലത്തേക്ക് ലൈസൻസ് നൽകാവുന്നതോ പുതുക്കാവുന്നതോ ആണ്.

(2) ലൈസൻസ് ലഭിക്കുന്നതിനോ പുതുക്കുന്നതിനോവേണ്ടി ലഭിച്ച അപേക്ഷയുമായി ബന്ധപ്പെട്ട് അപേക്ഷകനോ അല്ലെങ്കിൽ ലൈസൻസിയോ തെറ്റായതോ അല്ലെങ്കിൽ വസ്തുതാപരമായി തെറ്റുള്ളതോ ആയ പ്രസ്താവന നടത്തിയിട്ടുണ്ടെന്നോ അല്ലെങ്കിൽ ഏത് ചട്ടങ്ങൾക്ക് അല്ലെങ്കിൽ വ്യവസ്ഥകൾക്ക് വിധേയമായാണോ ലൈസൻസ് നൽകിയിട്ടുള്ളത്, അവയുടെ ലംഘനം നടത്തിയിട്ടുണ്ടെന്നോ ലൈസൻസിംഗ് അതോറിറ്റിക്ക് വിശ്വസിക്കാൻ കാരണമുള്ളപക്ഷം, അയാൾക്ക്, ഉചിതമെന്ന് കരുതുന്ന അത്തരം അന്വേഷണം നടത്തിയതിന് ശേഷം, ഉത്തരവിനാൽ, അതത് സംഗതിപോലെ, അപേക്ഷ നിരസിക്കാവുന്നതാണ്.

(3) ഈ ആക്റ്റിലേയോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ ഏതെങ്കിലും വ്യവസ്ഥകൾ ലൈസൻസി ലംഘിക്കുകയാണെങ്കിൽ, ഈ ആക്റ്റ് പ്രകാരം നൽകിയിട്ടുള്ള ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതിനോ റദ്ദാക്കുന്നതിനോ ഉള്ള അധികാരം ലൈസൻസിംഗ് അതോറിറ്റിക്ക് ഉണ്ടായിരിക്കുന്നതാണ്. സസ്പെൻഷൻ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ദീർഘിപ്പിക്കേണ്ട സാഹചര്യത്തിൽ ലൈസൻസിക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകേണ്ടതാണ്.

(4) ഈ ആക്റ്റിലേയോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ ഏതെങ്കിലും വ്യവസ്ഥകൾ ലൈസൻസി ലംഘിക്കുകയാണെങ്കിൽ, 19-ാം വകുപ്പ് അനുസരിച്ച് അന്വേഷണം നടത്തുന്നതിനും 20-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ, (എ) ഖണ്ഡമനുസരിച്ചോ (ബി) ഖണ്ഡമനുസരിച്ചോ, അതത് സംഗതിപോലെ, ശിക്ഷ നൽകുന്നതിനും (സി) ഖണ്ഡമനുസരിച്ച് ലൈസൻസ് റദ്ദ് ചെയ്യുന്നതിനുമുള്ള അധികാരങ്ങൾ ലൈസൻസിംഗ് അതോറിറ്റിക്ക് ഉണ്ടായിരിക്കുന്നതാണ്.

(5) ലൈസൻസിക്കോ അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ ആൾക്കോ പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകാതെ ലൈസൻസ് റദ്ദാക്കിക്കൊണ്ടുള്ള യാതൊരുത്തരവും പുറപ്പെടുവിക്കുവാൻ പാടില്ലാത്തതാകുന്നു.

12. <u>ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസറുടെ അധികാരങ്ങൾ</u>.—(1) ഈ ആക്റ്റിലേയോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ റെഗുലേഷനുകളിലേയോ വ്യവസ്ഥകളുടെ ഗുരുതരലംഘനം സംബന്ധിച്ച് ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസറിൽ നിന്നും വിവരം ലഭിക്കുമ്പോൾ വസ്തുതാപരമായ തെളിവ് സംരക്ഷിക്കുന്നതിനോ ശേഖരിക്കുന്നതിനോ അല്ലെങ്കിൽ കേസ് ശരിയായ വിധത്തിൽ സംരക്ഷിക്കുന്നതിനോ വേണ്ടിയുള്ള ആവശ്യത്തിലേയ്ക്കായി എഴുപത്തിരണ്ട് മണിക്കൂറിൽ കൂടാത്ത സമയത്തേക്ക്, കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ തയ്യാറാക്കൽ, നിർമ്മാണം അല്ലെങ്കിൽ ഉൽപാദനം, പാക്കിംഗ്, സംഭരണം, വിൽപന എന്നിവയ്ക്കായി ലൈസൻസി ഉപയോഗിക്കുന്ന പരിസരങ്ങൾ അല്ലെങ്കിൽ അതിന്റെ ഭാഗം മുദ്രവയ്ക്കുന്നതിനോ അവ പിടിച്ചെടുക്കുന്നതിനോ, ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർ, ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

(2) ഈ ആക്റ്റിന്റെ 16-ാം വകുപ്പിന്റെ (ബി) ഖണ്ഡത്തിൻ കീഴിൽ, പരിശോധനയ്ക്ക് വേണ്ടി ശേഖരിച്ച കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ സാമ്പിളുകളുടെ സൂക്ഷിപ്പുകാരൻ ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർ ആയിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3) ഈ ആക്റ്റിന്റെ വ്യവസ്ഥകൾ ലംഘിക്കുന്ന കുറ്റങ്ങൾക്കെതിരെ, അതത് സംഗതിപോലെ, ഗുരുതര ലംഘനം, ആവർത്തിച്ചുള്ള ലംഘനം എന്നിങ്ങനെയായി എടുക്കേണ്ട നടപടികൾ തുടങ്ങുന്നതിനുള്ള ശിപാർശ നൽകേണ്ട ഉത്തരവാദിത്വം ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർക്ക് ആയിരിക്കുന്നതാണ്.

13. <u>ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസറുടെ അധികാരങ്ങൾ</u>.—(1) ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർക്ക്, കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ അല്ലെങ്കിൽ ധാതുലവണമിശ്രിതം എന്നിവയുടെ തയ്യാറാക്കൽ, നിർമ്മാണം, പാക്കിംഗ്, സംഭരണം, വിൽപന എന്നിവയ്ക്കായി ഉപയോഗിക്കുന്ന ഏതൊരു പരിസരങ്ങളിലും അല്ലെങ്കിൽ തീറ്റ പരിവഹനം ചെയ്യുന്ന വാഹനങ്ങളിലും മുൻകൂർ അറിയിപ്പ് നൽകാതെ,—

(i) സാമ്പിൾ ശേഖരണം; അല്ലെങ്കിൽ

(ii) ഈ ആക്റ്റിലേയോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ റെഗുലേഷനുകളിലേയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കപ്പെട്ടിട്ടുണ്ടോ എന്ന പൊതുവായ പരിശോധന, കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ അല്ലെങ്കിൽ ധാതുലവണമിശ്രിതം എന്നിവയുടെ പരിശോധന,

എന്നീ ആവശ്യങ്ങൾക്കായി പ്രവേശിക്കാവുന്നതാണ്.

(2) ഈ ആക്റ്റിലേയോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ റെഗുലേഷനുകളിലേയോ ഏതെങ്കിലും വ്യവസ്ഥകൾ ഗുരുതരമായി ലംഘിക്കപ്പെട്ടിട്ടുണ്ട് എന്ന് ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർക്ക് ബോധ്യപ്പെട്ടാൽ ആയത് ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസറെ രേഖാമൂലം അറിയിക്കേണ്ടതും, ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസറിൽ നിന്നും നിർദ്ദേശം സ്വീകരിച്ചതിനുശേഷം, വസ്തുതാപരമായ തെളിവ് സംരക്ഷിക്കുന്നതിനോ അല്ലെങ്കിൽ കേസ് ശരിയായ വിധത്തിൽ സംരക്ഷിക്കുന്നതിനോ വേണ്ടിയുള്ള ആവശ്യത്തിലേക്കായി എഴുപത്തിരണ്ട് മണിക്കൂറിൽ കൂടാത്ത സമയത്തേയ്ക്ക്, പരിസരങ്ങൾ അല്ലെങ്കിൽ അതിന്റെ ഭാഗം മുദ്രവയ്ക്കുകയോ പിടിച്ചെടുക്കുകയോ ചെയ്യേണ്ടതാണ്.

(3) ഗുണനിലവാരത്തെക്കുറിച്ച് ഒരു പരാതി ലഭിച്ചാൽ, ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർ, ഇരുപത്തിനാല് മണിക്കൂറിനകം, നിർണ്ണയിക്കപ്പെട്ട നടപടിക്രമം പാലിച്ചുകൊണ്ട്, കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ അതേകൂട്ടത്തിൽ നിന്നുള്ള സാമ്പിളുകൾ പരാതിക്കാരനിൽ നിന്നും അല്ലെങ്കിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കർഷകനിൽ നിന്നും, കൂടാതെ അംഗീകൃത ഏജന്റ്/ഡീലർ/നിർമ്മാതാവിൽ നിന്നും എടുക്കേണ്ടതാണ്.

(4) അപ്രകാരമുള്ള ഏതെങ്കിലും കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ പരിശോധനയിൽ അവയ്ക്കുണ്ടായിരിക്കേണ്ടതായ ഗുണനിലവാരമില്ലെന്നോ മായം ചേർന്നതായോ നിലവാരം ഇല്ലാത്തതായോ ഈ ആക്റ്റിലേയോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ റെഗുലേഷനുകളിലേയോ ഏതെങ്കിലും വ്യവസ്ഥകളുടെ ലംഘനം ഉള്ളതായോ കണ്ടെത്തുകയാണെങ്കിൽ, നിർമ്മാതാവിനോ അല്ലെങ്കിൽ വിൽപനക്കാരനോ എതിരെ ഈ ആക്റ്റിലെ 18-ാം വകുപ്പ് പ്രകാരം കണ്ടുകെട്ടലിനോ കയ്യൊഴിയലിനോ ഉള്ള നടപടികൾ കൈക്കൊള്ളേണ്ടതും അത്തരം വ്യവസ്ഥകളുടെ ലംഘനം സംബന്ധിച്ച് ഒരു അന്തിമ റിപ്പോർട്ട് തുടർനടപടികൾക്കായി ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർക്ക് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

(5) ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർ കുറഞ്ഞത് ആറ് മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ തന്റെ അധികാരപരിധിയിലുള്ള നിർമ്മാണ, സംഭരണ, പരിവഹന അല്ലെങ്കിൽ വിൽപന സൗകര്യങ്ങളുടെ പൊതുവായ പരിശോധന നടത്തേണ്ടതാണ്. തീറ്റ അല്ലെങ്കിൽ ധാതുലവണമിശ്രിത നിർമ്മാതാവ് അല്ലെങ്കിൽ വിതരണക്കാരൻ അല്ലെങ്കിൽ സ്റ്റോക്കിസ്റ്റ് അല്ലെങ്കിൽ ഡീലർ എന്നിവരിൽ നിന്നും ഇതിലേക്കായി പരിശോധനക്കൂലി ഈടാക്കാൻ പാടില്ലാത്തതാകുന്നു.

(6) അത്തരത്തിൽ പരിശോധിക്കപ്പെട്ട കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം എന്നിവ കന്നുകാലികൾക്കും കോഴിവർഗ്ഗത്തിനും ഉടനടിയുള്ള ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കിയേക്കുമെന്നും പിടിച്ചെടുക്കൽ ആവശ്യമാണെന്നും ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർക്ക്, പരിശോധനയിൽ ബോധ്യമാവുന്നപക്ഷം അത്തരം കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ അല്ലെങ്കിൽ ധാതുലവണമിശ്രിതം, സർക്കാർ അംഗീകൃത പ്രാഥമിക പരിശോധനാ ലബോറട്ടറിയിൽ അതിവേഗ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. അത്തരം സാമ്പിൾ ഉടനടിയുള്ള ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ടെന്ന് തെളിയിക്കപ്പെടുന്നപക്ഷം പരിശോധനകളുടെ ചെലവ് ലൈസൻസി വഹിക്കേണ്ടതാണ്.

(7) ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസറുടെ അല്ലെങ്കിൽ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെ അഭിപ്രായത്തിൽ പിടിച്ചെടുക്കപ്പെട്ട ഉൽപന്നം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പെട്ടെന്നുള്ളതും സ്വാഭാവികവുമായ അഴുകലിന് വിധേയമാകുന്നതായതിനാൽ നശിപ്പിക്കേണ്ടത് ആവശ്യമാണെങ്കിൽ അത്തരം ഉദ്യോഗസ്ഥർ അതിനുശേഷം പെട്ടെന്ന് തന്നെ, അല്ലെങ്കിൽ ഏത് സാഹചര്യത്തിലും 17-ാം വകുപ്പ് പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച് ഒരു മാസത്തിനുള്ളിൽ, ലൈസൻസിംഗ് അതോറിറ്റിയുടെ മുമ്പാകെ അത്തരം ഉദ്യോഗസ്ഥനാൽ തന്നെ ഉൽപന്നം കയ്യൊഴിയുന്നതിനുള്ള അനുമതിക്ക് വേണ്ടി അപേക്ഷ നൽകേണ്ടതും അത്തരം അനുമതി ലഭിക്കുന്നപക്ഷം, അത്തരം ഉദ്യോഗസ്ഥന് തന്നെ ഉൽപന്നം കയ്യൊഴിയാവുന്നതും അത്തരത്തിൽ ലഭിക്കുന്ന തുക ട്രഷറിയിൽ നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കേണ്ടതും, ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസറുടെ അറിയിപ്പിൻകീഴിൽ അത്തരം കയ്യൊഴിയൽ, ഒടുക്കൽ എന്നിവ സംബന്ധിച്ച്, അതത് സംഗതിപോലെ, ലൈസൻസിംഗ് അതോറിറ്റിക്ക് റിപ്പോർട്ട് നൽകേണ്ടതും, ലൈസൻസിംഗ് അതോറിറ്റി കേസ് തീർപ്പാക്കുന്നതിനാവശ്യമായ നടപടി എടുക്കേണ്ടതുമാണ്.

(8) കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ ത്വരിതഗതിയിലുള്ള കയ്യൊഴിയലിനുവേണ്ടി ഉചിതമായ ഉത്തരവുകൾ ലഭിക്കുന്നതിനായി ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർ അല്ലെങ്കിൽ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർ വഴി ലൈസൻസിംഗ് അതോറിറ്റിക്ക് ഉടൻ ഒരു റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(9) പ്രാഥമിക പരിശോധനാ ലബോറട്ടറിയിൽ നിന്നുള്ള തീറ്റ പരിശോധനാ റിപ്പോർട്ട് സൂക്ഷ്മപരിശോധന നടത്തിയതിനുശേഷം, 19-ാം വകുപ്പിന്റെയോ 22-ാം വകുപ്പിന്റെയോ കീഴിൽ കൈകാര്യം ചെയ്യേണ്ടതായ ഏതെങ്കിലും കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ, ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർ ലൈസൻസിംഗ് അതോറിറ്റിക്കും ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർക്കും അറിയിപ്പ് നൽകിക്കൊണ്ട് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(10) തെരയൽ, പിടിച്ചെടുക്കൽ, അന്വേഷണം, പ്രോസിക്യൂഷൻ നടപടികൾ തുടങ്ങുന്നതിനുള്ള നടപടിക്രമം എന്നിവ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ ആയിരിക്കേണ്ടതാണ്.

14. <u>പരിശോധനാലബോറട്ടറികൾ.</u>—ഈ ആക്റ്റ് പ്രകാരം ശേഖരിച്ച കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ സാമ്പിളുകൾ പരിശോധന നടത്തുന്നതിന്റെ ആവശ്യത്തിലേയ്ക്കായി കേന്ദ്ര അല്ലെങ്കിൽ സംസ്ഥാന സർക്കാർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അല്ലെങ്കിൽ മറ്റേതെങ്കിലും ഏജൻസികളാൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതും നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസ് അംഗീകരിച്ചതും സർക്കാർ അംഗീകരിച്ചിട്ടുള്ളതുമായ ഏതൊരു ലബോറട്ടറിയെയും, സർക്കാരിന്, ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം വഴി, പ്രാഥമിക പരിശോധനാ ലബോറട്ടറി ആയും റഫറൽ ലബോറട്ടറി ആയും നിശ്ചയിക്കാവുന്നതാണ്.

15. സാമ്പിളിംഗിന്റെ നടപടിക്രമങ്ങൾ.—(1) പരിശോധന നടത്തുന്നതിനുള്ള ഉദ്ദേശ്യത്തെക്കുറിച്ച് ബന്ധപ്പെട്ട ആളിന് രേഖാമൂലം അറിയിപ്പ് നൽകിയ ശേഷം ഒരു ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർക്ക്, നിർമ്മിക്കപ്പെട്ടതോ സംഭരിക്കപ്പെട്ടതോ പരിവഹനം ചെയ്തതോ വിറ്റതോ വിൽപനയ്ക്കായി വാഗ്ദത്തം നൽകിയതോ ഫീഡ് മില്ലിൽ സൂക്ഷിച്ചിരിക്കുന്നതോ കൊണ്ടുപോകുന്നതോ അല്ലെങ്കിൽ അംഗീകൃത ഏജന്റ് അല്ലെങ്കിൽ ഡീലർ കൈവശം വച്ചിരിക്കുന്നതോ ആയ ഏതൊരു കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ സാമ്പിളുകൾ പരിശോധനയുടെ ആവശ്യത്തിലേയ്ക്കായി ഏതു സമയത്തും നിർണ്ണയിക്കപ്പെട്ട രീതിയിൽ ശേഖരിക്കാവുന്നതാണ്.

(2) പരിശോധനയ്ക്കായി കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണ മിശ്രിതം എന്നിവയുടെ സാമ്പിളുകൾ എടുക്കുമ്പോൾ, രണ്ട് സാക്ഷികളുടെ സാന്നിധ്യത്തിൽ സാമ്പിളുകൾ അഞ്ച് ഭാഗങ്ങളായി വിഭജിച്ച് അടയാളപ്പെടുത്തുകയും അടക്കം ചെയ്തിരിക്കുന്നതിന്റെ സഹജഗുണവും സ്വഭാവവും വ്യത്യാസപ്പെടുന്നില്ല എന്ന് ഉറപ്പാക്കുന്നതിലേക്കായി, വായുകടക്കാത്ത കണ്ടെയ്നറിൽ ഉറപ്പിച്ചടയ്ക്കുകയും മുദ്രചെയ്യുകയും, അതിന് മുകളിൽ സാമ്പിൾ സ്വീകരിച്ചതിന്റെ തീയതിയും സമയവും സൂചിപ്പിച്ചുകൊണ്ടും, ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസറുടെയും ആരിൽ നിന്നാണോ സാമ്പിൾ എടുത്തിട്ടുള്ളത് അയാളുടെയും സാക്ഷികളുടെയും ഒപ്പ് അല്ലെങ്കിൽ വിരലടയാളം അല്ലെങ്കിൽ രണ്ടും കൂടിയോ പതിപ്പിക്കേണ്ടതുമാണ്.

(3) (1)-ാം ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ സാമ്പിളുകൾ ആവശ്യമുള്ള അളവിലും പാക്കിംഗിലും ശേഖരിക്കുന്നതിൽ നിന്ന് യാതൊരാളും, ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസറെ തടസ്സപ്പെടുത്തുവാൻ പാടില്ലാത്തതാകുന്നു. എന്നാൽ ആരിൽ നിന്നാണോ സാമ്പിൾ എടുത്തിട്ടുള്ളത് അയാൾ ഒപ്പിടാനോ വിരലടയാളം പതിക്കാനോ വിസമ്മതിക്കുകയാണെങ്കിൽ, അയാളുടെ ഒപ്പിനോ അല്ലെങ്കിൽ വിരലടയാളത്തിനോ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പകരമായി ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർ രണ്ട് സാക്ഷികളെ വിളിക്കേണ്ടതും അവരുടെ ഒപ്പ് അല്ലെങ്കിൽ വിരലടയാളം എടുക്കേണ്ടതുമാണ്.

(4) ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർക്കോ അല്ലെങ്കിൽ സർക്കാർ പൊതുവായോ പ്രത്യേകമായോ അധികാരപ്പെടുത്തിയിട്ടുള്ള മറ്റ് ഉദ്യോഗസ്ഥനോ അയാൾക്ക് യുക്തമെന്ന് തോന്നുന്നപക്ഷം ഉചിതമായ ഏത് സമയത്തും ഈ ആക്റ്റിലേയോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ റെഗുലേഷനുകളിലേയോ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനും അല്ലെങ്കിൽ ഈ ആക്റ്റ് പ്രകാരം നൽകിയിട്ടുള്ള ലൈസൻസിലെ ഉപാധികൾ ലംഘിക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനായും കന്നുകാലിത്തീറ്റയോ കോഴിവർഗ്ഗത്തീറ്റയോ ധാതുലവണ മിശ്രിതമോ നിർമ്മിക്കുന്നതോ സംഭരിക്കുന്നതോ വിൽപന നടത്തുന്നതോ ആയ ഏതൊരു സ്ഥാപനത്തിലും പരിവഹനം ചെയ്യുന്നതായ ഏതൊരു വാഹനത്തിലും പ്രവേശിക്കാവുന്നതാണ്. ഏതെങ്കിലും ആൾ (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുകയാണെങ്കിൽ ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർക്ക് അത്തരം ആളിന് രേഖാമൂലം നോട്ടീസ് നൽകിയശേഷം കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ,ധാതുലവണ മിശ്രിതം എന്നിവ പിടിച്ചെടുക്കാവുന്നതാണ്. പിടിച്ചെടുക്കൽ മഹസ്സറിൽ കണ്ടുകെട്ടുന്നതിന്റെ കാരണം, കണ്ടുകെട്ടുന്ന കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ സ്വഭാവവും അളവും, പിടിച്ചെടുത്ത തീയതി, സമയം, സ്ഥലം എന്നിവയും കാണിച്ചിരിക്കേണ്ടതാണ്. മഹസ്സറിൽ കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണ മിശ്രിതം എന്നിവയുടെ പൂർണ്ണവിവരങ്ങൾ ഉൾപ്പെടുത്തേണ്ടതും മഹസ്സറിന്റെ മൂന്ന് പകർപ്പുകൾ തയ്യാറാക്കേണ്ടതുമാണ്. ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസറും ആരുടെ കൈവശത്തിൽ നിന്നും അല്ലെങ്കിൽ നിയന്ത്രണത്തിൽ നിന്നുമാണോ കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം എന്നിവ കണ്ടുകെട്ടിയത്, അയാളും മഹസ്സറിൽ കയ്യൊപ്പ് വയ്ക്കേണ്ടതും അല്ലെങ്കിൽ വിരലടയാളം പതിക്കേണ്ടതും, മഹസ്സറിന്റെ ഒരു പകർപ്പ് ഇത്തരം ആളിന് നൽകേണ്ടതുമാണ്. അത്തരം ആളുകൾ തന്റെ കയ്യൊപ്പ് വയ്ക്കുന്നതിനോ വിരലടയാളം പതിക്കുന്നതിനോ വിസമ്മതിക്കുകയാണെങ്കിൽ ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർ അതിന് പകരമായി രണ്ട് സാക്ഷികളെ വിളിച്ച് അവരുടെ കയ്യൊപ്പ് വയ്പ്പിക്കുകയോ വിരലടയാളം പതിപ്പിക്കുകയോ ചെയ്യേണ്ടതാണ്.

(5) ഒരു അംഗീകൃത ഏജന്റ് അല്ലെങ്കിൽ ഡീലർ അല്ലെങ്കിൽ പരിവഹനം ചെയ്യുന്നയാൾ എന്നിവരുടെ കൈവശമുള്ള സ്റ്റോക്കിൽ നിന്ന് (1)-ാം ഉപവകുപ്പിൻ കീഴിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആവശ്യമായ സാമ്പിൾ എടുക്കുമ്പോൾ, അംഗീകൃത ഏജന്റ് അല്ലെങ്കിൽ ഡീലർ അല്ലെങ്കിൽ പരിവഹനം ചെയ്യുന്നയാൾ ആർക്ക് വേണ്ടിയാണോ അത്തരം സ്റ്റോക്ക് കൈവശം വയ്ക്കുന്നത് അയാളുടെ പേരും മറ്റ് വിശദാംശങ്ങളും ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർ ആവശ്യപ്പെടുന്ന പ്രകാരം നൽകാൻ ബാധ്യസ്ഥനായിരിക്കുന്നതാണ്.

(6) സ്വന്തം കന്നുകാലികൾക്കോ കോഴിവർഗ്ഗത്തിനോ വേണ്ടി ഫീഡ് മില്ലിൽ നിന്നോ അല്ലെങ്കിൽ അംഗീകൃത ഏജന്റിൽ നിന്നോ അല്ലെങ്കിൽ ഡീലറിൽ നിന്നോ കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം എന്നിവ വാങ്ങിയ ഏതൊരാൾക്കും, ഉൽപന്നം വാങ്ങിയതിന്റെ വൗച്ചർ അല്ലെങ്കിൽ ക്യാഷ് മെമ്മോ കൈവശമുണ്ടെങ്കിൽ, അയാളുടെ കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണ മിശ്രിതം എന്നിവയുടെ സാമ്പിളുകൾ അംഗീകൃത ലബോറട്ടറിയിൽ നിന്നും പരിശോധിച്ച് കിട്ടുന്നതിനായി നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ, ബന്ധപ്പെട്ട ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർക്ക് അപേക്ഷ നൽകാവുന്നതാണ്. സാമ്പിളുകൾ പരിശോധിക്കുന്നതിനുള്ള ചെലവ്, സർക്കാർ അംഗീകരിച്ചിട്ടുള്ള നിരക്കിന് അനുസൃതമായി, അപേക്ഷകൻ ഒടുക്കേണ്ടതാണ്.

16. <u>സാമ്പിളിന്റെ പരിശോധന</u>.—ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർ:

(എ) ആരുടെ പക്കൽ നിന്നാണോ സാമ്പിൾ എടുത്തത്, ആ ആളിന് തീറ്റയുടെ മുദ്രവയ്ക്കപ്പെട്ട ഒരു സാമ്പിൾ കൈമാറേണ്ടതാണ്;

(ബി) സുരക്ഷിതമായി സൂക്ഷിക്കുന്നതിലേയ്ക്കായി മുദ്രവയ്ക്കപ്പെട്ട രണ്ട് തീറ്റ സാമ്പിളുകൾ ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർക്ക് കൈമാറേണ്ടതാണ്;

(സി) തീറ്റയുടെ മുദ്രവയ്ക്കപ്പെട്ട രണ്ട് സാമ്പിളുകൾ സാമ്പിൾ ശേഖരിച്ച തീയതി മുതൽ മൂന്ന് ദിവസത്തിനുള്ളിൽ, ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർക്ക് അറിയിപ്പ് നൽകിക്കൊണ്ട്, അംഗീകൃത പ്രാഥമിക പരിശോധനാ ലബോറട്ടറിയിൽ പരിശോധനയ്ക്കായി നൽകേണ്ടതാണ്;

(ഡി) സാമ്പിൾ പരിശോധിക്കുന്നതിനുള്ള ചെലവ് സർക്കാർ അംഗീകരിച്ചിട്ടുള്ള നിരക്കിന് അനുസൃതമായി പരിശോധനാ ലബോറട്ടറികൾക്ക് നിർണയിക്കപ്പെട്ട പ്രകാരം നൽകേണ്ടതും പരിശോധനയുടെ ഫലമായി അത്തരം സാമ്പിൾ ഗുണനിലവാരം ഇല്ലെന്ന് കണ്ടെത്തിയാൽ പരിശോധനയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ചെലവുകൾ കാരണക്കാരായ വ്യക്തി അല്ലെങ്കിൽ വ്യക്തികളിൽ നിന്നും വസൂലാക്കേണ്ടതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

17. <u>പരിശോധനാറിപ്പോർട്ട്</u>.—(1) ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസറിൽ നിന്നും കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ ഏതെങ്കിലും സാമ്പിൾ ലഭിക്കുമ്പോൾ, അംഗീകൃത പ്രാഥമിക പരിശോധനാ ലബോറട്ടറിയിൽ പരിശോധന നടത്തുകയും നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ അത്തരം പരിശോധനയുടെ ഫലം കാണിക്കുന്ന ഒരു റിപ്പോർട്ട് കഴിയുന്നത്ര വേഗം, പരമാവധി ഇരുപത്തിയൊന്ന് ദിവസം അധികരിക്കാത്ത സമയത്തിനുള്ളിൽ, ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർക്ക് കൈമാറുകയോ അയയ്ക്കുകയോ ചെയ്യേണ്ടതുമാണ്.

(2) യാതൊരാളും പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പുകൾ യാതൊരു സ്ഥലത്തും പ്രദർശിപ്പിക്കുവാനോ പരസ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുവാനോ പാടില്ലാത്തതാകുന്നു.

18. <u>ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസറാലുള്ള കണ്ടുകെട്ടലും കയ്യൊഴിയലും</u>.—കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ ലൈസൻസില്ലാത്തതോ മായം ചേർത്തതോ ഗുണനിലവാരമില്ലാത്തതോ മിസ്ബ്രാന്റഡോ ആയ നിർമ്മാണമോ സംഭരണമോ വിതരണമോ വിൽപനയോ ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർ അല്ലെങ്കിൽ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ കണ്ടെത്തിയാൽ ഉടൻതന്നെ അത്തരം കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം എന്നിവ കണ്ടുകെട്ടുകയും ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസറെ അറിയിച്ചശേഷം നിർണ്ണയിക്കപ്പെട്ട രീതിയിൽ കയ്യൊഴിയുകയും ആയതിന് ചെലവാകുന്ന തുക, അതത് സംഗതിപോലെ, ആരിൽ നിന്നാണോ അത്തരം കണ്ടുകെട്ടൽ നടത്തിയത്, അയാളിൽ നിന്ന് അല്ലെങ്കിൽ ലൈസൻസിയിൽ നിന്ന് ഈടാക്കേണ്ടതുമാണ്.

19. <u>ലൈസൻസിംഗ് അതോറിറ്റിയുടെ അന്വേഷണ നടപടിക്രമം</u>.—(1) ഏതെങ്കിലും ആൾ ഈ ആക്റ്റിലേയോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ റെഗുലേഷനുകളിലേയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുകയാണെങ്കിൽ, അത്തരം സംഗതിയിൽ അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകിക്കൊണ്ട് ലൈസൻസിംഗ് അതോറിറ്റി അന്വേഷണം നടത്തേണ്ടതും, അത്തരം അന്വേഷണത്തിൽ അയാൾ ഈ ആക്റ്റിലേയോ അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ റെഗുലേഷനുകളിലേയോ വ്യവസ്ഥകൾ ലംഘിച്ചിട്ടുണ്ട് എന്ന് ബോധ്യമാകുന്നപക്ഷം, ലൈസൻസിംഗ് അതോറിറ്റി അയാൾക്ക് യുക്തമെന്ന്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തോന്നുന്നതും, 20-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുമായ അത്തരം ശിക്ഷ, ഉത്തരവ്മൂലം, ചുമത്തേണ്ടതുമാണ്.

(2) ഒരു ലംഘനം സംബന്ധിച്ച് (1)-ാം ഉപവകുപ്പനുസരിച്ച് ലൈസൻസിംഗ് അതോറിറ്റി അന്വേഷണം നടത്തുമ്പോൾ അയാൾക്ക് 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു സിവിൽ കേസ് വിചാരണ നടത്തുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ താഴെപ്പറയുന്ന സംഗതികളെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഏതൊരാളെയും വിളിച്ചുവരുത്തുന്നതിനും സത്യപ്രതിജ്ഞയിന്മേൽ അയാളെ വിസ്തരിക്കുന്നതിനും;

(ബി) ഏതെങ്കിലും രേഖകളുടെ കണ്ടെത്തലും ഹാജരാക്കലും ആവശ്യപ്പെടുന്നതിനും; കൂടാതെ

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിനും.

20. <u>ശിക്ഷ</u>.—(1) ഈ ആക്റ്റിലെ 19-ാം വകുപ്പിൻകീഴിലുള്ള ഒരു അന്വേഷണത്തിൽ, ഒരാൾ ഈ ആക്റ്റിലേയോ അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ റെഗുലേഷനുകളിലേയോ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിച്ചതായി ലൈസൻസിംഗ് അതോറിറ്റി കണ്ടെത്തിയാൽ നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള കുറ്റത്തിന്റെ സ്വഭാവം അല്ലെങ്കിൽ തരംതിരിക്കൽ അടിസ്ഥാനമാക്കി,—

(എ) ആദ്യത്തെ ലംഘനമാണെങ്കിൽ, അറുപത് ദിവസത്തിൽ കുറയാത്തതും ആറ് മാസം വരെയാകാവുന്നതുമായ കാലയളവ് വരെ അയാളുടെ ലൈസൻസ് സസ്പെൻഡ് ചെയ്തുകൊണ്ടും അല്ലെങ്കിൽ ഇരുപത്തയ്യായിരം രൂപയിൽ കുറയാത്തതും എന്നാൽ അൻപതിനായിരം രൂപ വരെയാകാവുന്നതും ആയ പിഴയ്ക്കും അല്ലെങ്കിൽ രണ്ടിനും കൂടിയും; കൂടാതെ

(ബി) രണ്ടാമത്തെ ലംഘനമാണെങ്കിൽ, ആറ് മാസത്തിൽ കുറയാത്തതും ഒരു വർഷം വരെയാകാവുന്നതുമായ കാലയളവ് വരെ അയാളുടെ ലൈസൻസ് സസ്പെൻഡ് ചെയ്തുകൊണ്ടും അല്ലെങ്കിൽ അൻപതിനായിരം രൂപയിൽ കുറയാത്തതും രണ്ട് ലക്ഷം രൂപ വരെയാകാവുന്നതുമായ പിഴയ്ക്കും അല്ലെങ്കിൽ രണ്ടിനും കൂടിയും, അയാൾ ശിക്ഷിക്കപ്പെടുന്നതാണ്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(സി) മൂന്നാമത്തെ ലംഘനം ഉണ്ടായാലോ അല്ലെങ്കിൽ കന്നുകാലികൾക്കോ കോഴിവർഗ്ഗത്തിനോ ഗുരുതരമായ പരിക്ക്, ഉൽപാദനക്ഷമതയ്ക്ക് കോട്ടം വരുത്തൽ അല്ലെങ്കിൽ മരണം സംഭവിക്കുന്ന സാഹചര്യത്തിലോ അഞ്ച് വർഷത്തേയ്ക്ക് ലൈസൻസ് റദ്ദ് ചെയ്യുന്നതിനുള്ള അധികാരം ലൈസൻസിംഗ് അതോറിറ്റിക്ക് ഉണ്ടായിരിക്കും.

(2) ലൈസൻസിംഗ് അതോറിറ്റിക്ക്, വേഗത്തിലും സ്വാഭാവികവുമായ അഴുകലിന് വിധേയമാകുന്ന പിടിച്ചെടുക്കപ്പെട്ട ഏതൊരു തീറ്റവസ്തു, കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം എന്നിവ കയ്യൊഴിയുന്നതിന് നിർദ്ദേശം നൽകാവുന്നതാണ്.

21. <u>അപ്പീൽ</u>.—(1) 20-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിന്റെ (എ), (ബി), (സി) ഖണ്ഡങ്ങൾക്ക് കീഴിൽ ശിക്ഷ ചുമത്തപ്പെട്ടതിൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അപ്രകാരമുള്ള ഉത്തരവ് പുറപ്പെടുവിച്ച് മുപ്പത് ദിവസങ്ങൾക്കുള്ളിൽ, സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റി മുമ്പാകെ അപ്പീൽ നൽകാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം സമർപ്പിക്കപ്പെടുന്ന ഒരു അപ്പീൽ, ബന്ധപ്പെട്ട കക്ഷികൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകിയതിന് ശേഷം, അപ്പീൽ ലഭിച്ച തീയതി മുതൽ അറുപത് ദിവസത്തിനുള്ളിൽ തീർപ്പാക്കേണ്ടതാണ് .

22. <u>കോടതിയാൽ വിചാരണ ചെയ്യേണ്ട കുറ്റങ്ങൾ</u>.—(1) സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റി പരിശോധിച്ച് ശിപാർശ ചെയ്തതും രണ്ട് അംഗീകൃത പരിശോധനാ ലബോറട്ടറികളിൽ നിന്നുള്ള പരിശോധനാറിപ്പോർട്ട് വഴി തെളിയിക്കപ്പെട്ടതുമായ മൂന്നാമത്തേതോ അതിനുശേഷം തുടരുന്നതോ ആയ കുറ്റങ്ങൾക്കും, ഗുരുതരലംഘനങ്ങൾക്കും കന്നുകാലികളുടെയോ കോഴിവർഗ്ഗത്തിന്റെയോ മരണം, ഗുരുതരമായ പരിക്ക്, ഉത്പാദനക്ഷമതയ്ക്ക് കോട്ടം വരുത്തൽ എന്നിവയ്ക്കും ആറ് മാസത്തിൽ കുറയാത്തതും ഒരു വർഷം വരെയാകാവുന്നതുമായ തടവും പത്ത് ലക്ഷം രൂപ വരെയാകാവുന്ന പിഴയും നൽകി കോടതിയാൽ ശിക്ഷിക്കപ്പെടുന്നതാണ്:

എന്നാൽ, രണ്ട് ലാബുകളിലെ പരിശോധനാഫലങ്ങളിൽ വൈരുദ്ധ്യമുള്ളപക്ഷം സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റി റഫറൽ ലാബിന്റെ പരിശോധനയ്ക്കായി സാമ്പിൾ അയയ്ക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) ഈ ആക്റ്റിൻകീഴിൽ ഒരു കുറ്റം ചെയ്തതായി കോടതിക്ക് ബോധ്യപ്പെട്ടാൽ ആ കുറ്റം വിചാരണ ചെയ്യുന്ന കോടതിക്ക്, അപ്രകാരമുള്ള കൃത്യത്തിൽ ഉൾപ്പെട്ട കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ അല്ലെങ്കിൽ ധാതുലവണമിശ്രിതം സർക്കാരിലേക്ക് കണ്ടുകെട്ടുന്നതിന് നിർദ്ദേശിക്കാവുന്നതും അതിനനുസൃതമായി തീർപ്പാക്കേണ്ടതുമാണ്.

(3) കോടതിക്ക്, വേഗത്തിലും സ്വാഭാവികവുമായ അഴുകലിന് വിധേയമാകുന്ന പിടിച്ചെടുക്കപ്പെട്ട ഏതൊരു കന്നുകാലിത്തീറ്റയോ കോഴിവർഗ്ഗത്തീറ്റയോ അല്ലെങ്കിൽ ധാതുലവണമിശ്രിതമോ പെട്ടെന്നുതന്നെ കയ്യൊഴിയുന്നതിന് നിർദ്ദേശം നൽകാവുന്നതാണ്.

(4) (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള ശിക്ഷയ്ക്കു പുറമേ കന്നുകാലികളുടെയോ കോഴിവർഗ്ഗത്തിന്റേയോ മരണം അല്ലെങ്കിൽ ഗുരുതരമായ പരിക്ക് അല്ലെങ്കിൽ ഉൽപ്പാദനക്ഷമതയ്ക്ക് കോട്ടം വരുത്തുകയോ ചെയ്യുന്ന സാഹചര്യത്തിൽ, കാരണക്കാരനായ വ്യക്തിയിൽ നിന്നും, കന്നുകാലികളുടേയോ കോഴിവർഗ്ഗത്തിന്റേയോ ഉടമസ്ഥനോ അവകാശികൾക്കോ സർക്കാർ കാലാകാലങ്ങളിൽ കന്നുകാലികൾക്കോ കോഴിവർഗ്ഗത്തിനോ നിശ്ചയിയ്ക്കുന്ന വിലയെ അടിസ്ഥാനമാക്കി കുറ്റം വിചാരണ ചെയ്യുന്ന കോടതി തീരുമാനിക്കുന്ന നഷ്ടപരിഹാരം നൽകാൻ കുറ്റക്കാരനായ വ്യക്തി ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

കുറ്റക്കാരൻ (4)-ാം ഉപവകുപ്പു പ്രകാരം നഷ്ടപരിഹാരം നൽകാത്ത പക്ഷം പ്രസ്തുത തുക അയാളിൽ നിന്നും ഭൂമിയിന്മേലുള്ള നികുതി കുടിശ്ശിക എന്ന പോലെ ഈടാക്കേണ്ടതാണ്.

23. <u>കുറ്റത്തിന്മേൽ നടപടിയെടുക്കൽ</u>.—(1) യാതൊരു കോടതിയും സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർ നൽകിയ രേഖാമൂലമുള്ള പരാതിയിന്മേലല്ലാതെ ഈ ആക്റ്റിൻ കീഴിൽ ശിക്ഷാർഹമായ കുറ്റത്തിന്മേൽ നടപടിയെടുക്കുവാൻ പാടുള്ളതല്ല.

(2) ഈ ആക്റ്റിൻകീഴിൽ ശിക്ഷാർഹമായ ഒരു കുറ്റം ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുൻപാകെ വിചാരണ നടത്തേണ്ടതാണ്.

24. <u>കമ്പനികൾ, ഇൻസ്റ്റിറ്റ്യൂഷനുകൾ, സ്ഥാപനങ്ങൾ, സംഘങ്ങൾ എന്നിവ ചെയ്യുന്ന കുറ്റങ്ങൾ</u>.—(1) ഒരു കമ്പനി അല്ലെങ്കിൽ ഇൻസ്റ്റിറ്റ്യൂഷൻ അല്ലെങ്കിൽ സ്ഥാപനം അല്ലെങ്കിൽ സംഘം ഈ ആക്റ്റിൻകീഴിലുള്ള ഒരു കുറ്റം ചെയ്യുമ്പോൾ, ആ കുറ്റകൃത്യം ചെയ്യുന്ന സമയത്ത് ആ കമ്പനിയുടെ അല്ലെങ്കിൽ ഇൻസ്റ്റിറ്റ്യൂഷന്റെ അല്ലെങ്കിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സ്ഥാപനത്തിന്റെ അല്ലെങ്കിൽ സംഘത്തിന്റെ ബിസിനസിന്റെ ചാർജ്ജിലും ഉത്തരവാദിത്വത്തിലും ഉണ്ടായിരുന്ന ഓരോ ആളും ആ കുറ്റം ചെയ്തതായി കരുതാവുന്നതും അപ്രകാരം നടപടി എടുത്ത് ശിക്ഷിക്കപ്പെടുന്നതിന് ബാധ്യസ്ഥനായിരിക്കുന്നതുമാണ്:

എന്നാൽ, ഈ ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നുംതന്നെ അങ്ങനെയുള്ള ഏതെങ്കിലും ആളെ, കുറ്റം ചെയ്തത് തന്റെ അറിവോടുകൂടിയല്ലെന്നും അഥവാ കുറ്റംചെയ്യുന്നത് തടയാൻ താൻ വേണ്ടത്ര ശ്രമിച്ചിരുന്നുവെന്നും അയാൾ തെളിയിക്കുന്നപക്ഷം ഏതെങ്കിലും ശിക്ഷയ്ക്ക് വിധേയനാക്കാവുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു കമ്പനി അല്ലെങ്കിൽ സ്ഥാപനം അല്ലെങ്കിൽ ഇൻസ്റ്റിറ്റ്യൂഷൻ അല്ലെങ്കിൽ സംഘം ഈ ആക്റ്റിൻകീഴിലുള്ള ഒരു കുറ്റകൃത്യം ചെയ്യുമ്പോൾ ഈ ആക്റ്റിൻകീഴിലുള്ള ആ കുറ്റകൃത്യം കമ്പനിയുടെ അല്ലെങ്കിൽ സ്ഥാപനത്തിന്റെ അല്ലെങ്കിൽ ഇൻസ്റ്റിറ്റ്യൂഷന്റെ അല്ലെങ്കിൽ സംഘത്തിന്റെ ഏതെങ്കിലും ഡയറക്ടർ, മാനേജർ, സെക്രട്ടറി അല്ലെങ്കിൽ മറ്റ് ഉദ്യോഗസ്ഥർ എന്നിവരുടെ അറിവോടെയോ സമ്മതത്തോടെയോ അല്ലെങ്കിൽ അവരുടെ ഭാഗത്ത് നിന്നുള്ള എന്തെങ്കിലും അശ്രദ്ധ മൂലമോ ഉണ്ടായിട്ടുള്ളതാണെന്ന് തെളിയിക്കപ്പെട്ടാൽ, അത്തരം ഡയറക്ടർ, മാനേജർ, സെക്രട്ടറി അല്ലെങ്കിൽ മറ്റുദ്യോഗസ്ഥർ അത്തരം കുറ്റം ചെയ്തതായി കരുതാവുന്നതും, അയാൾക്ക് അല്ലെങ്കിൽ അവർക്ക് എതിരായി നടപടികൾ എടുക്കേണ്ടതും തദനുസൃതം ശിക്ഷിക്കപ്പെടേണ്ടതുമാണ്.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി,—

(എ) ''കമ്പനി അല്ലെങ്കിൽ സ്ഥാപനം അല്ലെങ്കിൽ ഇൻസ്റ്റിറ്റ്യൂഷൻ അല്ലെങ്കിൽ സംഘം'' എന്നാൽ ഒരു ഫേം, സംഘം അല്ലെങ്കിൽ ആളുകളുടെ മറ്റ് അസ്സോസിയേഷനുകൾ എന്നിവ ഉൾപ്പെടെയുള്ള നികായങ്ങൾ എന്നർത്ഥമാകുന്നതും, കൂടാതെ

(ബി) ''ഡയറക്ടർ'' എന്നാൽ,

(i) ഫേമിനെ സംബന്ധിച്ചിടത്തോളം ആ ഫേമിലെ ഒരു പങ്കാളി;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ii) ഒരു സംഘം അല്ലെങ്കിൽ ആളുകളുടെ മറ്റ് അസ്സോസിയേഷനുകൾ എന്നിവയുമായി ബന്ധപ്പെട്ട്, അതത് സംഗതിപോലെ, സംഘത്തിന്റെ അല്ലെങ്കിൽ മറ്റ് അസ്സോസിയേഷനുകളുടെ ചട്ടങ്ങളിൻകീഴിൽ ആ സംഘത്തിന്റെ അല്ലെങ്കിൽ അസ്സോസിയേഷന്റെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിലേക്കായി ഏർപ്പെടുത്തിയിട്ടുള്ള ഒരു ആൾ എന്ന് അർത്ഥമാകുന്നതുമാകുന്നു.

25. <u>കുറ്റകൃത്യത്തിന് സഹായിക്കൽ</u>.—22-ാം വകുപ്പിന് കീഴിൽ ഏതെങ്കിലും കുറ്റകൃത്യത്തിന് സഹായിക്കുന്ന ഏതൊരാളും അപ്രകാരം സഹായിക്കപ്പെട്ട കൃത്യം ആ സഹായത്തിന്റെ ഫലമായി ചെയ്യപ്പെട്ടാൽ ആറ് മാസത്തിൽ കുറയാത്തതും ഒരു വർഷം വരെയാകാവുന്നതുമായ തടവും പത്ത് ലക്ഷം രൂപ വരെയാകാവുന്ന പിഴയും നൽകി ശിക്ഷിക്കപ്പെടുന്നതാണ്.

26. <u>സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റി</u>.—(1) സർക്കാർ, ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം വഴി, സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റി എന്ന പേരിൽ ഒരു കൺസൾട്ടേറ്റീവ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

(2) തീറ്റവ്യവസായം, കർഷകർ, ഉപഭോക്താക്കൾ, അനുബന്ധ ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുടെ താൽപര്യത്തെ പ്രതിനിധീകരിക്കുന്നതിനായി, സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തേണ്ടതാണ്, അതായത്:—

(i) മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ് സെക്രട്ടറി—ചെയർപേഴ്സൺ;

(ii) ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്—കൺവീനർ;

(iii) ഡയറക്ടർ, ക്ഷീരവികസന വകുപ്പ്—എക്സ് ഒഫീഷ്യോ;

(iv) അനിമൽ ന്യൂട്രീഷൻ വകുപ്പ് മേധാവി, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി—എക്സ് ഒഫീഷ്യോ;

(v) ഡയറക്ടർ, സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ പൗൾട്രി, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി—എക്സ് ഒഫീഷ്യോ;

(vi) ദേശീയ ക്ഷീരവികസന ബോർഡിന്റെ പ്രതിനിധി—സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ; കൂടാതെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(vii) തീറ്റനിർമ്മാണ വ്യവസായത്തിൽ നിന്നുള്ള മൂന്ന് പ്രതിനിധികൾ— സർക്കാർ നാമനിർദ്ദേശം ചെയ്യുന്നവർ (പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ മേഖല, സ്വകാര്യ മേഖല എന്നിവിടങ്ങളിൽ നിന്നും ഒരാൾ വീതം).

(3) സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റിയിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്ക് അർഹമായ ബത്തകൾ, സിറ്റിംഗ് ഫീസ്, ക്വാറം, യോഗങ്ങളുടെ എണ്ണം, ഭൂരിപക്ഷം, യോഗസ്ഥലം, യോഗം വിളിച്ചു ചേർക്കൽ എന്നിവ നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കുന്നതാണ്.

27. <u>സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ</u>.—സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റിക്ക് 22-ാം വകുപ്പിൽ പരാമർശിച്ചിരിക്കുന്ന അധികാരങ്ങൾക്കു പുറമേ താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ഈ ആക്റ്റുമായും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളുമായും റെഗുലേഷനുകളുമായും ബന്ധപ്പെട്ട കാര്യങ്ങളിൽ സർക്കാരിന് വിദഗ്ധാഭിപ്രായം നൽകുക;

(ബി) തീറ്റനിർമ്മാണ വ്യവസായമേഖലയിൽ കാലാകാലങ്ങളിൽ ഉണ്ടാകുന്ന പുരോഗതിക്കനുസൃതമായി തീറ്റഗുണനിലവാര മാനദണ്ഡങ്ങൾ പരിഷ്കരിക്കുവാൻ സർക്കാരിന് ശിപാർശകൾ നൽകുക;

(സി) കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുടെ നിർമ്മാണത്തിനായി, അതത് സംഗതിപോലെ, ഉപയോഗിക്കാവുന്നതോ ഉപയോഗിക്കുവാൻ പാടില്ലാത്തതോ ആയ ചേരുവകളുടെ വിജ്ഞാപന പട്ടികയിൽ കൂടുതൽ തീറ്റവസ്തുക്കൾ ചേർക്കുന്നതിനുള്ള ശിപാർശകൾ നൽകുക;

(ഡി) ചട്ടങ്ങളിലും റെഗുലേഷനുകളിലും കാലാകാലങ്ങളിൽ വേണ്ടിവരുന്ന തിരുത്തലുകൾ സംബന്ധിച്ച് സർക്കാരിന് ശിപാർശകൾ നൽകുക;

(ഇ) കേസുകൾ കോടതിയിൽ വിചാരണ ചെയ്യുന്നതിലേയ്ക്ക് ആവശ്യമായ ശിപാർശകൾ നൽകുക; കൂടാതെ

(എഫ്) സർക്കാർ കാലാകാലങ്ങളിൽ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിച്ചു നൽകുന്ന മറ്റ് അധികാരങ്ങൾ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

28. <u>ഒഴിവാക്കൽ</u>.—ഈ ആക്റ്റിലെ യാതൊന്നും,—

(എ) കന്നുകാലികളെയോ കോഴിവർഗ്ഗത്തെയോ വളർത്തുന്ന കർഷകർക്കോ അല്ലെങ്കിൽ കാർഷികവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്നവർക്കോ അവർ സ്വന്തമായി വളർത്തുന്ന കന്നുകാലികൾക്കോ കോഴിവർഗ്ഗത്തിനോ നൽകുന്നതിന് വേണ്ടിയുള്ള തീറ്റകൾ സ്വന്തമായി ഉത്പാദിപ്പിക്കുന്നതിനോ നിർമ്മിക്കുന്നതിനോ തയ്യാറാക്കുന്നതിനോ;

(ബി) ഗവേഷണാവശ്യത്തിലേക്ക് യൂണിവേഴ്സിറ്റികൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവ നിർമ്മിക്കുന്ന കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയ്ക്കോ;

(സി) സർക്കാർ ഫാമുകളിൽ വളർത്തുന്ന കന്നുകാലികൾക്കും കോഴിവർഗ്ഗത്തിനും വേണ്ടി പ്രസ്തുത സ്ഥാപനങ്ങൾ നിർമ്മിക്കുന്നതോ ഉത്പാദിപ്പിക്കുന്നതോ തയ്യാറാക്കുന്നതോ ആയ കന്നുകാലിത്തീറ്റയ്ക്കോ കോഴിവർഗ്ഗത്തീറ്റയ്ക്കോ;

ബാധകമല്ല.

29. <u>രേഖകൾ സൂക്ഷിക്കൽ</u>.—കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണ മിശ്രിതം എന്നിവയുടെ നിർമ്മാണത്തിനോ വിൽപനയ്ക്കോ ഉള്ള ലൈസൻസ് കൈവശമുള്ളയാൾ, അയാൾ സംഭരിച്ച അസംസ്കൃതവസ്തുക്കൾ, നിർമ്മിക്കുകയും വിൽപനയ്ക്കായി തയ്യാറാക്കുകയും ചെയ്ത വസ്തുക്കൾ, വാങ്ങുകയും വിൽക്കുകയും ചെയ്ത തീറ്റയുടെ അളവ്, ഗുണനിലവാരം എന്നിവ ഉൾപ്പെടെ അയാളുടെ ബിസിനസ്സുമായി ബന്ധപ്പെട്ട അത്തരം രേഖകൾ നിർണ്ണയിക്കപ്പെട്ട രീതിയിൽ സൂക്ഷിക്കേണ്ടതാണ്.

30. <u>റിട്ടേണുകൾ സമർപ്പിക്കൽ</u>.—കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണ മിശ്രിതം എന്നിവ നിർമ്മിക്കുന്നതിനോ വിൽക്കുന്നതിനോ ഉള്ള ലൈസൻസ് കൈവശമുള്ള ഓരോ ലൈസൻസിയും അയാൾ നിർമ്മിച്ചതും മിശ്രണം ചെയ്തതും തയ്യാറാക്കിയതും വിറ്റതുമായ കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങളടങ്ങിയ, നിർണ്ണയിക്കപ്പെട്ട മാതൃകയിലുള്ള സാമ്പത്തിക വർഷാടിസ്ഥാനത്തിലുള്ള റിട്ടേണിന്റെ രണ്ട് പകർപ്പുകൾ ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് മൂന്ന് മാസത്തിനകം ലൈസൻസിംഗ് അതോറിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

31. <u>ലൈസൻസിംഗ് അതോറിറ്റിയുടെ വാർഷിക റിപ്പോർട്ട്</u>.—(1) ലൈസൻസിംഗ് അതോറിറ്റി ഓരോ സാമ്പത്തിക വർഷവും നിർണ്ണയിക്കപ്പെട്ട അത്തരം ഫാറത്തിലും അത്തരം സമയത്തും മുൻവർഷത്തിൽ ചെയ്ത പ്രവർത്തനങ്ങൾ സംബന്ധിച്ച് ഒരു വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതും ആ റിപ്പോർട്ടിന്റെ പകർപ്പുകൾ സർക്കാരിലേക്ക് അയച്ചുകൊടുക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ചാലുടൻതന്നെ അതിന്റെ ഒരു പകർപ്പ് എത്രയും വേഗം നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്.

32. <u>ഉത്തമവിശ്വാസത്തിൽ എടുത്ത നടപടികൾക്ക് സംരക്ഷണം</u>.—സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റി അംഗങ്ങൾ, ലൈസൻസിംഗ് അതോറിറ്റി, ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർ, ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർ അല്ലെങ്കിൽ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ എന്നിവർ ഈ ആക്റ്റിൻ കീഴിൽ ഉത്തമവിശ്വാസത്തിൽ എടുത്ത ഏതൊരു നടപടിയ്ക്കും പ്രവൃത്തിക്കും എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമനടപടികളോ നിലനിൽക്കുന്നതല്ല.

33. <u>സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റിയിലെ അംഗങ്ങളും ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർമാരും മറ്റ് ഉദ്യോഗസ്ഥരും പബ്ലിക് സർവ്വന്റുമാർ ആയിരിക്കുമെന്ന്</u>.—സ്റ്റേറ്റ് ഫീഡ് ക്വാളിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റിയിലെ അംഗങ്ങളും ലൈസൻസിംഗ് അതോറിറ്റിയും ഫീഡ് സേഫ്റ്റി എൻഫോഴ്സ്മെന്റ് ഓഫീസർമാരും ഫീഡ് സേഫ്റ്റി അഷ്വറൻസ് ഓഫീസർമാരും അവർ ചുമതലപ്പെടുത്തിയതനുസരിച്ച് പ്രവർത്തിക്കുന്ന ഏതൊരാളും, ഈ ആക്റ്റിലെയും അതിൻകീഴിലുള്ള ചട്ടങ്ങളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾ അനുസരിച്ച് പ്രവർത്തിക്കുമ്പോഴോ, പ്രവർത്തിക്കുന്നതായി കരുതപ്പെടുമ്പോഴോ 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമസംഹിതയുടെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥ വ്യാപ്തിയിൽ വരുന്ന പബ്ലിക് സർവ്വന്റുമാരായി കണക്കാക്കപ്പെടുന്നതാണ്.

34. <u>ആക്റ്റിന് അധിപ്രഭാവം ഉണ്ടായിരിക്കുന്നതാണ്</u>.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക്, അവയ്ക്ക് വിരുദ്ധമായി തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും അധിപ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

35. <u>അധികാരങ്ങൾ ഏൽപ്പിച്ചു കൊടുക്കൽ</u>.—സർക്കാരിന്, ഈ ആക്റ്റിൻകീഴിലുള്ള എല്ലാമോ ഏതെങ്കിലുമോ അധികാരങ്ങൾ ഗസറ്റിൽ വിജ്ഞാപനം ചെയ്യപ്പെടുന്ന ഉത്തരവ് മൂലം ഉദ്യോഗസ്ഥർക്ക് ഏൽപ്പിച്ചു കൊടുക്കാവുന്നതാണ്.

36. <u>വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം</u>.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന്, അത്തരം വൈഷമ്യം നീക്കം ചെയ്യുന്നതിലേക്ക് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും, അങ്ങനെയുള്ള വ്യവസ്ഥകൾക്ക് വിരുദ്ധ മല്ലാത്തതുമായ ഏതൊരു കാര്യവും, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് മുഖേന ചെയ്യാവുന്നതാണ്:

എന്നാൽ അങ്ങനെയുള്ള യാതൊരു ഉത്തരവും ഈ ആക്റ്റ്, ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ രണ്ട് വർഷക്കാലാവധി അവസാനിച്ചതിനുശേഷം ഉണ്ടാക്കുവാൻ പാടില്ലാത്തതാണ്.

(2) ഈ വകുപ്പിൻകീഴിൽ പുറപ്പെടുവിച്ച എല്ലാ ഉത്തരവുകളും അത് ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗം, നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

37. <u>പോലീസ് ഉദ്യോഗസ്ഥന്റെ കർത്തവ്യം</u>.—ഈ ആക്റ്റുപ്രകാരമുള്ള ഏതെങ്കിലും അധികാരികൾ അതിന്റെ അധികാരത്തിന്റെ നിയമപരമായ വിനിയോഗത്തിനുവേണ്ടി സഹായം ന്യായമായി ആവശ്യപ്പെടുമ്പോൾ സഹായിക്കുക എന്നത് ഏതൊരു പോലീസ് ഉദ്യോഗസ്ഥന്റെയും കർത്തവ്യമായിരിക്കുന്നതാണ്.

38. <u>റെഗുലേഷനുകൾ ഉണ്ടാക്കുന്നതിനുള്ള അധികാരം</u>.—(1) സർക്കാരിന്, ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം വഴി, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതൊരു റെഗുലേഷനും, അത് ഉണ്ടാക്കിയതിനുശേഷം, കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽപ്പെടുന്നുവോ ആ സമ്മേളനമോ അതിന് തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ്, നിയമസഭ ആ റെഗുലേഷനിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ റെഗുലേഷൻ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ റെഗുലേഷന് അതിനു ശേഷം, അതത് സംഗതി പോലെ, അങ്ങനെ രൂപഭേദം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അങ്ങനെയുള്ള രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ റെഗുലേഷൻ പ്രകാരം മുമ്പ് ചെയ്ത ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

39. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം</u>.—(1) സർക്കാരിന്, ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം വഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം, കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ അതിന് തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനു ശേഷം, അതത് സംഗതി പോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അങ്ങനെയുള്ള രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്ത ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതുമാണ്.

40. <u>സാധൂകരണം</u>.—(1) 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ഓർഡിനൻസ് (2022-ലെ 10) (ഇതിനുശേഷം പ്രസ്തുത ഓർഡിനൻസ് എന്നാണ് പരാമർശിക്കപ്പെടുക) പ്രാബല്യമില്ലാതായിത്തീർന്നിരുന്നാൽതന്നെയും,—

(എ) പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ, എടുത്തതോ എടുത്തതായി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതും;

(ബി) പ്രസ്തുത ഓർഡിനൻസിന് പ്രാബല്യമില്ലാതായിത്തീർന്നതിനുശേഷവും ഈ ആക്റ്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതിക്ക് മുൻപും ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, അവ പ്രസ്തുത ഓർഡിനൻസിന് പ്രാബല്യം ഇല്ലാതായിത്തീർന്നില്ലായിരുന്നുവെങ്കിൽ പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്യുകയോ എടുക്കുകയോ ചെയ്യുമായിരുന്നു എന്നതുപോലെ, ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതുമാണ്.

(2) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും 2022 ആഗസ്റ്റ് എട്ടാം തീയതി മുതൽ ഈ ആക്റ്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നത് വരെയുള്ള കാലയളവിൽ ഈ ആക്റ്റിൻ കീഴിൽ ഒരു കുറ്റം ചെയ്തതായി ആരോപിക്കപ്പെടുന്ന യാതൊരാളെയും കുറ്റസ്ഥാപനത്തിന് വിധേയനാക്കാവുന്നതല്ല.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2023.11.15 07:57:04 +05:30